VOL. X ISSUE 07 JULY-2019 BELTHANGADY

## Feast OF St.Thomas
## July 3rd



# UDAYADEEPA BELTHANGADY
# ಉದಯದೀಪ ಬೆಳ್ತಂಗಡಿ
# ഉദയദീപ ബെൽത്തംഗഡി

**Belthangady Diocesan Bulletin**


Vol. X Issue. 07 July- 2019 Page- 48

Annual Subscription: Rs. 140-00 Single Copy: Rs. 12-00

Edited, Printed and Published, by Fr. Joseph Valiaparambil
Bishop's House, Udayanagar, P.B. No.13
Belthangady - 574 214, D.K., Karnataka, India.
Printed at Shree Raghavendra Printers, Ujire-574 240



Website: www.belthangadydiocese.com
Email : udayadeepabel@gmail.com
Tel.: 08256-232439, 233975

# Feast of St. Alphonsa

## July 28th




## CONTENTS


| | | |
|---|---|---|
| 1. | Circular 5/ 2019 | 6 |
| 2. | Pastoral Letter No 4/ 2019 | 7 |
| 3. | സഭാദിനം -ജൂലൈ 3, 2019 | 13 |
| 4. | Notifications from the Chancellery | 18 |
| 5. | ലോക മാധ്യമദിന സന്ദേശം 2019 | 23 |
| 6. | Gaudete et Esultate : Pope Francis | 29 |
| 7. | Catechism Department News | 32 |
| 8. | Social Service Department | 39 |
| 9. | Family Apostolate | 43 |
| 10. | Bishop's Diary | 45 |
| 11. | Programme of the Bishop | 47 |

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

നമ്മുടെ ബഹുമാനപ്പെട്ട അച്ചന്മരുടെ വാർഷിക ധ്യാനത്തിന്റെ വിജയത്തിനുവേണ്ടി നിങ്ങളുടെ പ്രാർത്ഥന അഭ്യർത്ഥിക്കുവാനാണ് ഈ കത്ത്.

ബഹുമാനപ്പെട്ട വൈദികർ ആണ്ടിലൊരിക്കൽ നാലു ദിവസത്തിൽ കുറയാത്ത വാർഷിക ധ്യാനം നടത്തണമെന്ന് സഭാ നിയമമുണ്ട്. ഈശോയാൽ വിളിക്കപ്പെട്ട് ഈശോയുടെ തന്നെ ദൗത്യം നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന അവർക്ക് കൂടെകൂടെയുള്ള സ്വയം പരിശോധനയും തീവ്രമായ പ്രാർത്ഥനയും ആവശ്യമാണ്.

"എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല" (യോഹ 15 : 5) എന്ന് പറഞ്ഞ ഗുരുനാഥന്റെ സഹായവും അനുഗ്രഹവും പ്രാപിക്കുവാനാണ് ഈ ധ്യാനം. വൈദികരുടെ വാർഷിക ധ്യാനത്തിന് വലിയ പ്രാധാന്യമുണ്ട്.

2019 ജൂലൈ 8 മുതൽ 13 വരെ ജ്ഞാനനിലയത്തിൽ വച്ചാണ് ഈ വർഷത്തെ നമ്മുടെ അച്ചന്മാരുടെ വാർഷിക ധ്യാനം. പ്രസിദ്ധ ധ്യാന ഗുരുവും ബംഗ്ലൂരു ലോഗോസ് ധ്യാനമന്ദിരത്തിന്റെ ഡയറക്ടറുമായ ബഹു. ജോസ് വെട്ടിയാങ്കലച്ചനാണ് ഈ വർഷത്തെ ധ്യാനം നയിക്കുന്നത്.

അച്ചന്മരുടെ ധ്യാനവിജയത്തിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട അച്ചന്മരുടെ ഈ ധ്യാനം പ്രമാണിച്ച് നമ്മുടെ രൂപതകളിലെ പള്ളികളിൽ 2019 ജൂലൈ 8 മുതൽ 13 വരെ വി. കുർബ്ബാന ഉണ്ടായിരിക്കുന്നതല്ല.

"ദൈവത്തോട് ചേർന്നു നില്ക്കുവിൻ ; അവിടുന്നു നിങ്ങളോടും ചേർന്നു നില്ക്കും" (യക്കോബ് 4 : 8) എന്ന തിരുവചന പ്രകാരം ദൈവത്തോട് കൂടുതൽ അടുത്ത് നില്ക്കുവാനും അവിടുത്തെ കൃപ കൂടുതൽ പ്രാപിച്ചുകൊണ്ട് ശുശ്രൂഷ ചെയ്യുവാനും നമ്മുടെ എല്ലാ അച്ചന്മർക്കും ധ്യാനം ഉപകരിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് +പിതാവിന്റേയും + പുത്രന്റെയും +പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബൽത്തംഗഡി — + മാർ ലോറൻസ് മുക്കുഴി

28-06-2019 — ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

NB: ഈ ഇടയ ലേഖനം 7-07-2019 ന് എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.





## ദുക്റാന തിരുനാൾ

ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ
അനുഗ്രഹത്താലും ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

**ലോറൻസ് മുക്കുഴി**

നമ്മുടെ രൂപതയിലെ ബഹു. വൈദികർക്കും,
സന്യാസിനീ, സന്യാസികൾക്കും, ദൈവജനത്തിനും
നമ്മുടെ കർത്താവിൽ ആശീർവ്വാദവും സമാധാനവും,

"ദീദിമോസ് എന്ന തോമസ് അപ്പോൾ മറ്റ് ശിഷ്യൻമാരോട് പറഞ്ഞു അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം " (യോഹ 11 :16).

വന്ദ്യ സഹോദരരെ വത്സല മക്കളേ,

നമ്മുടെ വലിയ തിരുനാളായ ദുക്റാന അടുത്തുവരുകയാണ്! നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വ ദിനമാണ് ജൂലൈ 3. എല്ലാവർക്കും ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു!

ദുക്റാന എന്ന സുറിയാനി വാക്കിന്റെ അർത്ഥം ഓർമ്മ എന്നാണ്. ഈശോയുടെ പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരുവനും ഭാരതത്തിൽ സുവിശേഷം അറിയിച്ചവനും നമ്മുടെ പിതാവുമായ മാർ തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ്മയാണ് ദുക്റാന. ഈശോയെ ജീവന് തുല്യം സ്നേഹിച്ച്, അവിടുത്തെ സുവിശേഷം ജനതകളെ അറിയിക്കുവാൻവേണ്ടി തോമ്മാശ്ലീഹാ ജീവൻ ഹോമിച്ച ദിവസത്തിന്റെ ഓർമയാണ് ദുക്റാന.

ഈശോയുടെ കുരിശു മരണം എല്ലാ അപ്പസ്തോലൻമാരെ എന്ന പോലെ മാർ തോമ്മാശ്ലീഹായെയും തളർത്തി, നിരാശയിൽ ആഴ്ത്തി. ഉയിർത്തെഴുന്നേറ്റ ഈശോയെ കണ്ട മറ്റ് അപ്പസ്തോലൻമാർ, ഈശോ ഉയിർത്തെഴുന്നേറ്റു എന്ന് പറഞ്ഞപ്പോൾ, "അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ

വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല.''(യോഹാ 20 : 25) എന്ന് മാർ തോമ്മാശ്ലീഹാ ശാഠ്യം പിടിച്ചു. തോമ്മാശ്ലീഹായുടെ ആത്മാർത്ഥത മനസ്സിലാക്കിയ ഈശോ പ്രത്യക്ഷപ്പെട്ട് അവന്റെ ആഗ്രഹം സാധിച്ചുകൊടുത്തു. ഉയർത്തെഴുന്നേറ്റ മിശിഹായെ കണ്ട മാത്രയിൽ തോമ്മശ്ലീഹായുടെ സംശയം ദൂരെയകന്നു എന്ന് മാത്രമല്ല ''എന്റെ കർത്താവേ എന്റെ ദൈവമെ'' (യോഹ 20 : 28) എന്ന് പറഞ്ഞു കൊണ്ട് സുവിശേഷത്തിലെ എറ്റവും വലിയ വിശ്വാസ പ്രഖ്യാപനം നടത്തി. അന്ന് മുതൽ തന്റെ ജീവിതം മിശിഹായിക്ക് വേണ്ടി മാത്രമായി. ''നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മാർക്കോസ് 16: 15) എന്ന ഈശോയുടെ അന്ത്യവചസ്സ് നിറവേറ്റുവാൻവേണ്ടി പുറപ്പെടുകയും ചെയ്തു.

എഡി. 52 ൽ ഇന്ത്യയിൽ എത്തി നമ്മുടെ പൂർവ്വികർക്ക് ഈശോയിലുള്ള വിശ്വാസം പകർന്ന് കൊടുത്തു. കേരളത്തിൽ അനേകർക്ക് മാമ്മോദീസാ നല്കി, ഏഴര പള്ളികളും സ്ഥപിച്ചതിനുശേഷം മൈലാപൂരിലേക്ക് യാത്ര തിരിച്ചു. മൈലാപൂരിലും സുവിശേഷം പ്രസംഗിച്ചു. എഡി. 72 ൽ ജൂലൈ 3 ന് ഈശോയ്ക്കു വേണ്ടി ധീര രക്ത സാക്ഷിത്വം വഹിച്ചു. തോമ്മാശ്ലീഹായുടെ മരണ ദിവസം മാർത്തോമ്മാക്രിസ്ത്യാനികളായ നമുക്ക് അവിസ്മരണിയമായ ദിനമാണ്; നമ്മുടെ സഭ അന്നേ ദിവസം വലിയ തിരുനളായി ആചരിക്കുകയും കടമുള്ള ദിവസമായി പരിഗണിക്കുകയും ചെയ്യുന്നു.

മാർതോമ്മാശ്ലീഹാ മാമ്മോദീസാ മുക്കി ക്രൈസ്തവരാക്കിയവരെ മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്നാണ് വിളിച്ചിരുന്നത്. കേരളത്തിൽ മാത്രമല്ല ഭാരതത്തിന്റെ മറ്റ് ഇടങ്ങളിലും മാർത്തോമ്മാക്രിസ്ത്യാനികൾ ഉണ്ടായിരുന്നുവെന്ന് ചരിത്രത്തിൽ സൂചനകളുണ്ട്.

ഒന്നാം നൂറ്റാണ്ട് മുതൽ 4-ാം നൂറ്റാണ്ട് വരെയുള്ള മാർത്തോമ്മാക്രിസ്ത്യാനികളുടെ ചരിത്രം കാര്യമായി നമുക്ക് അറിഞ്ഞുകൂട. 4-ാം നൂറ്റാണ്ടോട് കൂടി മാർതോമ്മാശ്ലീഹാ തന്നെ സ്ഥാപിച്ച് പേർഷ്യൻ സഭയുമായി ഭാരത സഭ ബന്ധപ്പെടുവാൻ ഇടയായി. രണ്ട് സഭകളും മാർതോമ്മാശ്ലീഹായൽ തന്നെ സ്ഥപിതമായത്കൊണ്ട്, വളരെയേറെ കാര്യങ്ങളിൽ ഇരു സഭകളും തമ്മിൽ സാമ്യമുണ്ടായിരുന്നു. പേർഷ്യൻ സഭയുടെ പിതാക്കൻമാർ ഇവിടെ വരുകയും സഭാ ജീവിതത്തിൽ നല്ല വളർച്ചയുണ്ടാവുകയും ചെയ്തു. ഈ സഭയെ നാം സീറോ മലബാർ സഭ എന്ന് വിളിക്കുന്നു. സീറോ മലബാർ സഭ, വിശ്വാസത്തിൽ ക്രൈസ്തവവും, ആരാധനയിൽ പൗരസ്ത്യവും, സംസ്കരാത്തിൽ ഭാരതീയവുമാണ്. 16-ാം നൂറ്റാണ്ടുവരെ മാർത്തോമ്മാക്രിസ്ത്യാനികൾ മാത്രമെ ഭാരതത്തിൽ ഉണ്ടായിരുന്നുവുള്ളു. ശക്തമായ വിശ്വാസ ജീവിതവും, ആരാധന ക്രമവും സാമൂഹികവും സാംസ്കാരികവുമായ അടിത്തറയുമുള്ള സഭയായിരുന്നു ഇത്. റോമാ മാർപാപ്പായുടെ കീഴിലും മാർപാപ്പായുടെ കൂട്ടായ്മയിൽ ജീവിച്ചുവന്ന, ഭാരതം മുഴുവനും പ്രവർത്തന സ്വാതന്ത്ര്യമുണ്ടായിരുന്ന സഭയായിരുന്നു സീറോ മലബാർ സഭ. 16-ാം നൂറ്റാണ്ടിൽ പാശ്ചാത്യ മിഷനറിമാരുടെ ആഗമനത്തോടെ ഭാരത സഭാ ചരിത്രത്തിൽ വലിയ വ്യതിയാനങ്ങൾ ഉണ്ടായി. സീറോ മലബാർ സഭയുടെ ആരാധന, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ഭരണ സംവിധനം മുതലായവ ശരിക്കും മനസ്സിലാക്കാത്ത പാശ്ചാത്യ മിഷനറിമാർ സീറോ മലബാർ സഭ കത്തോലിക്കാ സഭയണോ എന്ന് പോലും സംശയിച്ചു. 1599 ജൂൺ 20 മുതൽ 26 വരെ നടന്ന ഉദയംപേരൂർ സൂനഹദോസിൽ ഒട്ടനവതി മാറ്റങ്ങൾ സീറോ മലബാർ സഭയിൽ വരുത്തുകയും സീറോ മലബാർ സഭയെ ലത്തീൻ സഭയുടെ അധീനതയിൽ ആക്കുകയും ചെയ്തു. അങ്ങനെ ഭാരതം മുഴുവനും പ്രവർത്തന സ്വാതന്ത്ര്യം ഉണ്ടായിരുന്ന സീറോ മലബാർ സഭയ്ക്ക് ആ സ്ഥാനം കൈമോശം വന്നു. സഭയിൽ വലിയ പിളർപ്പുകളുണ്ടായി. എന്നാൽ സീറോ മലബാർ സഭ റോമാ മാർപാപ്പായോടൊപ്പം എന്നും അടിയുറച്ചുനിന്നു.

നമ്മുടെ സഭാ പിതാക്കൻമാരുടെ നിരന്തരമായ പ്രാർത്ഥനയുടെയും പരിശ്രമത്തിന്റെയും ഫലവുമായി 1886 -ൽ തൃശൂർ, ചങ്ങനാശ്ശേരി, എന്നി രണ്ട് രൂപതകൾ സീറോ മലബാർ സഭയ്ക്കായി സ്ഥാപിച്ചു കിട്ടി. എന്നാൽ സീറോ മലബാർ സഭയുടെ അധികാര പരിധി ഭാരതപുഴയ്ക്കും പമ്പാനദിക്കും ഇടയ്ക്ക് മാത്രമായി ചുരുക്കി. പിന്നീട് പടിപടിയായി രൂപതകളുടെ എണ്ണം വർദ്ധിച്ചു. 1953 - ൽ തലശ്ശേരി രൂപത സ്ഥാപിച്ചതോടുകൂടി സീറോ മലബാർ സഭയ്ക്ക് കേരളത്തിൽ മുഴുവൻ പ്രവർത്തന സ്വാതന്ത്ര്യം ലഭിച്ചു. 1956 ൽ സീറോ മലബാർ സഭയുടെ അധികാര പരിധി അപ്പോൾ കർണ്ണാടക സ്റ്റേറ്റിലെ ബെൽത്തംഗഡി , ഭദ്രാവതി, മണ്ട്യ എന്നി രൂപതകളുടെയും തമിഴ്നാട്ടിലെ തക്കലൈ രാമനാഥപുരം എന്നീ രൂപതകളുകളുടെ അതിർത്തിയിലേക്ക് വ്യാപിച്ചു. സീറോ മലബാർ സഭ ദൈവപരിപാലനയാൽ വളർന്നുകൊണ്ടിരുന്നു. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലായി 11 മിഷൻ രൂപതകൾ റോമാ മാർപാപ്പ അനുവദിച്ചു.

സീറോ മലബാർ സഭ പിന്നേയും വളർന്നുകൊണ്ടിരുന്നു. ഇന്ത്യക്ക് അകത്തും പുറത്തും രൂപതകളായി! സീറോ മലബാർ സഭയ്ക്ക് നഷ്ട

പ്പെട്ടുപോയ പ്രവർത്തന സ്വാതന്ത്ര്യം ലഭിക്കണമെന്ന് സഭാ മക്കൾ നിരന്തരമായി പ്രാർത്ഥിക്കുകയും പരിശുദ്ധ പിതാവിനോട് നിരന്തരമായി തങ്ങളുടെ ന്യായമായ അവകാശം തിരിച്ച് തരണമെന്ന് അപേക്ഷിക്കുകയും ചെയ്യ്തുകൊണ്ടിരുന്നു.

സീറോ മലബാർ സഭയുടെ ചരിത്രത്തിൽ നിർണ്ണായക സംഭവം വിണ്ടും ഉണ്ടായി ! അത് 2017 ഒക്ടോബർ 10 - ന് പരിശുദ്ധ പിതാവ് മാർ ഫ്രാൻസിസ് പാപ്പാ ഇന്ത്യയിൽ മുഴുവനും സീറോ മലബാർ സഭയ്ക്ക് അജപാലനപരവും പ്രേഷിതപരവുമായ സ്വാതന്ത്ര്യം അനുവദിച്ചത് ശംശാബാദ്ദ് രൂപത സ്ഥപിച്ചുകൊണ്ടുള്ള കല്പന പുറപ്പെടുവിച്ചപ്പോഴാണ് !ഒരു രീതിയിൽ പറഞ്ഞാൽ 16-ാം നൂറ്റാണ്ടിൽ നമ്മുടെ സഭയ്ക്ക് നഷ്ടപ്പെട്ടുപോയ പ്രവർത്തന സ്വാതന്ത്ര്യം 2017ൽ തിരിച്ചു കിട്ടി! ഇത് നമ്മുടെ സഭയെ സംമ്പന്ധിച്ച് വലിയ സന്തോഷത്തിന് കാരണമാണ്. ഇതിനുവേണ്ടി അക്ഷീണം പരിശ്രമിച്ച നമ്മുടെ മേജർ ആർച്ചു ബിഷപ്പ്മാരും, മറ്റ് പിതാക്കൻമാരും,വൈദികരും, സന്യസ്തരും, അൽമായ സഹോദരങ്ങളും നമ്മുടെ നന്ദിയും അഭിനന്ദനവും അർഹിക്കുന്നു!

ഇന്ന് സീറോ മലബാർ സഭ കത്തോലിക്കാ സഭ കൂട്ടയിമയിലെ ശക്തമായ സ്വയാധികാര സഭയിൽ ഒന്നാണ്. ഇന്ന് നമ്മുടെ സഭയുടെ സ്ഥിതിവിവര കണക്ക് ഏതാണ്ട് ഇപ്രകാരമാണ് ;

| | | | |
|---|---|---|---|
| 1. | സീറോ മലബാർ കത്തോലിക്കരുടെ സംഖ്യ | : | 50,54,422 |
| 2. | രൂപതകൾ | : | 34 |
| 3. | ഇടവകകൾ | : | 2,945 |
| 4. | മിഷൻ സ്റ്റേഷൻ | : | 924 |
| 5. | രൂപതാ വൈദികർ | : | 4,545 |
| 6. | സന്യാസ വൈദികർ | : | 3,499 |
| 7. | മേജർ സെമിനാരിക്കാർ | : | 1,225 |
| 8. | സന്യസ്തർ (പുരുഷൻമാർ) | : | 5,484 |
| 9. | സന്യസ്തർ (സിസ്റ്റേഴ്സ്) | : | 32,453 |

(ഇത് 2018 ലെ കണക്കനുസരിച്ചാണ്)

സീറോ മലബാർ സഭ ഇന്ന് ലോക മുഴുവനും പടർന്ന് കിടക്കുന്നു. ഇന്ന് ഇന്ത്യയിൽ എല്ലായിടത്തും അമേരിക്ക, കാനഡ, ബ്രിട്ടൻ, അസ്ട്രേലിയ, എന്നീ രാജ്യങ്ങളിലും നമുക്ക് രൂപതകളുണ്ട്. യുറോപ്പിൽ അപ്പസ്തോലിക വിസ്സിട്ടേറ്റർ ഉണ്ട്. ഗൾഫ് രാജ്യങ്ങളിൽ നാലയി



രത്തോളം സീറോ മലബാർ വിശ്വാസികൾ ഉണ്ട്. എന്നാൽ രൂപത ഇതു വരെയും ആയിട്ടില്ല. വിശുദ്ധ തോമാശ്ലീഹായാൽ സ്ഥപിതമായ ഈ സഭയെ ഇന്ന് കത്തോലിക്കാ സഭയിൽ ശ്രദ്ധിക്കപ്പെടുന്ന സ്വയ ഭരണാവാകാശമുള്ള സഭയായി ദൈവം ഉയർത്തിയിരിക്കുന്നു !

സീറോ മലബാർ സഭയ്ക്ക് വിശ്വാസ പാരമ്പര്യവും ആദ്ധ്യാത്മീക ജീവിതവും ഉണ്ട്. അത് വി. തോമമ്മാശ്ലീഹായിൽ നിന്ന് തലമുറ തലമുറയായി കൈ മാറി നമുക്കു ലഭിച്ച് സമ്പത്താണ്. ഈ സഭയിൽ അംഗങ്ങളായതിൽ നമുക്ക് അഭിമാനിക്കാം; വിശ്വാസം സംരക്ഷിക്കാം. വിശുദ്ധ തോമ്മാശ്ലീഹാ നമ്മുക്ക് പകർന്നു തന്ന വിശ്വാസം, ദൈവപുത്രനായ മിശിഹായിലുള്ളതാണ്. ദൈവ പുത്രനായ ഈശോ മനുഷ്യനായി അവതരിച്ച്, നമ്മുടെ രക്ഷയ്ക്കുവേണ്ടി ജീവൻ ബലി കഴിച്ചു 3-ാം ദിവസം ഉയർത്തെഴുന്നേറ്റ്, സ്വർഗ്ഗത്തിലേക്ക് എഴുന്നോള്ളി, പിതാവിന്റെ വലത്തുഭാഗത്തിരുന്നുകൊണ്ട് നമുക്കുവേണ്ടി മദ്ധ്യസ്ഥ്യം വഹിക്കുന്നു; യുഗാന്ത്യത്തിൽ അന്ത്യവിധിക്കായ് അവിടുന്ന് വരും. അവിടുത്തെ സുവിശേഷത്തിൽ വിശ്വസിച്ച് വിശുദ്ധ ജീവിതം നയിക്കുന്ന എല്ലാവരെയും സ്വർഗത്തിലേക്ക് കൂട്ടി കൊണ്ടു പോകും,ദുഷ്ടരെയെല്ലാം, നിത്യ നരകത്തിലേക്ക് പറഞ്ഞയക്കുകയും ചെയ്യും. ഇതാണ് നമ്മുടെ വിശ്വാസം ; ഇതാണ് സത്യം. ജൂലൈ -3 തോമ്മാശ്ലീഹായുടെ ഓർമ്മ ആചരിക്കുമ്പോൾ നമ്മുടെ വിശ്വാസം നാം ഒരിക്കൽ കൂടി ഏറ്റു പറയണം. സ്വന്തം ജീവൻ ഹോമിച്ച് നമുക്കായ് വിശ്വാസം പകർന്ന് തന്ന തോമ്മാശ്ലീഹായോട് നാം നന്ദിയുള്ളവരായിരിക്കണം. നമുക്ക് ലഭിച്ച് വിശ്വാസം അഭംഗുരം പാലിച്ച് ഈ നാട്ടിൽ ഈശോയുടെ നാമം ഉയർത്തി കാണിക്കും എന്ന് നാം പ്രതിജ്ഞയെടുക്കണം.

ജൂലൈ 3 കടമുള്ള ദിനമാണ്. അന്ന് സഭ ദിനമായി സീറോ മലബാർ സഭാ ആചരിക്കുന്നു. അന്നേ ദിവസം സാധിക്കുന്നടുത്തോളം ആളുകൾ വിശുദ്ധ കുർബാനയിൽ പങ്കെടുക്കണം. ഈ വർഷം ജൂലൈ - 3 പ്രവർത്തന ദിവസമായതുകൊണ്ടും ഒരു പക്ഷേ എല്ലാവർക്കും പള്ളിയിൽ വരാൻ സാധിക്കത്തതുകൊണ്ടും ജൂലൈ -7 ന് ഞായറാഴ്ച്ച് വിശുദ്ധ തോമ്മാശ്ലീഹായുടെ സവിശേഷമായ ഓർമ്മ ആചരിക്കുകയും എല്ലാവരും വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. അന്നേ ദിവസം സീറോ മലബാർ സഭയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം. നമ്മുടെ സഭയെ കുറിച്ച് കൂടു

തൽ ആഴത്തിൽ പഠിക്കുവാൻ, പ്രത്യേകിച്ച് കുട്ടികൾക്കും യുവജനങ്ങൾക്കും പഠിക്കുവാൻവേണ്ട കാര്യപരിപാടികൾ നടത്തുകയും വേണം. സഭ ദിനമായ അന്ന് സീറോ മലബാർ സഭയുടെ വിവിധങ്ങളായ പ്രവർത്തനങ്ങൾക്കായ് ഒരു പ്രത്യേക പിരിവ് നടത്തണം. അതിൽ എല്ലാവരും ഉദാരമായി സഹകരിക്കണം. ലഭിക്കുന്ന തുക സഭാ കേന്ദ്രമായ മൗണ്ട് സെന്റ് തോമസിലേയ്ക്ക് അയച്ചുകൊടുക്കേണ്ടതിനാൽ ജൂലൈ 13 ന് മുമ്പ് രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതുമാണ്.

"അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം" ( യോഹ 11 :16) എന്ന് പറഞ്ഞുകൊണ്ട് ഈശോയിൽ ആഴമായി വിശ്വസിക്കുകയും ഈശോയിക്കുവേണ്ടി മരിക്കുകയും ചെയ്ത നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെ വിശ്വാസം നമുക്കെല്ലാവർക്കും ഉണ്ടാകട്ടേയെന്ന് പ്രാർത്ഥിച്ചുകൊണ്ട് +പിതാവിന്റേയും + പുത്രന്റെയും +പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി + മാർ ലോറൻസ് മുക്കുഴി
9-06-2019 ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB:** ഈ ഇടയ ലേഖനം 23-06-2019 ന് എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.



## സഭാദിനം – ജൂലൈ 3, 2019

സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹ ശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ! ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ, നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെ ദുക്റാന തിരുനാൾ ദിവസമായ ജൂലൈ 3 ആണല്ലോ പതിവനുസരിച്ച് സീറോ മലബാർ സഭാദിനമായി ആചരിച്ചു വരുന്നത്. തോമ്മാശ്ലീഹായുടെ സുവിശേഷപ്രഘോഷണത്തിലൂടെ വിശ്വാസം സ്വീകരിച്ച പൂർവ്വികന്മാർ നമുക്ക് കൈമാറിത്തന്ന വിശ്വാസത്തിന്റെ വെളിച്ചം കൂടുതൽ പ്രകാശിപ്പിക്കാൻ കടപ്പെട്ടവരാണ് നാമെല്ലാവരുമെന്ന് ദുക്റാന തിരുനാൾ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ എല്ലാ രൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും സഭാ ദിനം ആഘോഷിക്കുമ്പോൾ കാലഘട്ടത്തിന്റെ പ്രത്യേകതകളിൽ ഈശോമിശിഹായുടെ സുവിശേഷം ഫലപ്രദമായി പ്രഘോഷിക്കാനുള്ള കൃപയ്ക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

ഗാഗുൽത്തായിൽ രക്തം ചിന്തിയവനിലുള്ള വിശ്വാസത്താൽ പ്രേരിതനായി മൈലാപ്പൂരിൽ തോമ്മാശ്ലീഹാ സ്വന്തം രക്തം ചിന്തി മരണം കൈവരിച്ചതുമൂലമാണ് നമ്മുടെ സഭ വളർന്നു തുടങ്ങിയത്. തോമ്മാശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്തിലൂടെ രൂപീകൃതമായ വിവിധ സഭകളുടെ ഇടയിൽ നമ്മുടെ സഭ പ്രേഷിത പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നു. ഇക്കാരണത്താൽ നമ്മുടെ പിതാവിനെപ്പോലെ ധീരതയോടെ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാനുള്ള ദൗത്യം നമുക്കുണ്ട്. "അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം" (യോഹ 11 :16) എന്ന അപ്പസ്തോലന്റെ വാക്കുകൾ ഈശോയുമായുള്ള ആഴമായ സൗഹൃദത്തിൽ നിന്ന് ശക്തി പ്രാപിച്ചവയായിരുന്നു. ഈശോയെ കൂടുതൽ അറിയാനും കൂടുതൽ സ്നേഹിക്കാനും ആഗ്രഹിച്ച ശ്ലീഹായുടെ ആത്മാർത്ഥത നിറഞ്ഞു നില്ക്കുന്ന സമീപനം സുവിശേ

ഷത്തിൽ കാണുന്നുണ്ട്. ''കർത്താവേ നീ എവിടേയ്ക്കു പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ, പിന്നെ വഴി ഞങ്ങൾ എങ്ങനെയറിയും'' (യോഹ 14 : 5) എന്ന ചോദ്യവും ഈശോമിശിഹായെ ഏറ്റവും അടുത്തനുഗമിക്കാനുള്ള അദ്ദേഹത്തിന്റെ ആഗ്രഹത്തെയാണ് പ്രകടമാക്കുന്നത്. താൻ സ്ഥലത്തില്ലാതിരുന്നപ്പോൾ മറ്റുള്ളവർക്കു നൽകപ്പെട്ട ഉത്ഥിതന്റെ ദർശനം തനിക്കും ലഭിക്കണമെന്ന തീവ്രമായ ആഗ്രഹവും ''അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല'' (യോഹ 20 : 25) എന്ന ശാഠ്യവും തോമ്മാശ്ലീഹായുടെ വിശ്വാസത്തിന്റെ വലിയ ഏറ്റുപറച്ചിലായിരുന്നു. ഇപ്രകാരം, ഈശോമിശിഹായോടുള്ള വ്യക്തിപരമായ സ്നേഹവും അടുപ്പവും ഹൃദയത്തിൽ സൂക്ഷിച്ച തോമ്മാശ്ലീഹാ, തന്റെ ഗുരുവിൽ ഉത്ഥിതന്റെ അടയാളങ്ങൾ കണ്ടപ്പോൾ നടത്തിയ എന്റെ കർത്താവേ എന്റെ ദൈവമേ എന്ന വിശ്വാസ പ്രഖ്യാപനം, അദ്ദേഹത്തിന്റെ സ്നേഹവും തീക്ഷ്ണതയും പ്രകടിപ്പിക്കുന്നതായിരുന്നു.

തന്റെ ഗുരുവിനോടുള്ള സ്നേഹവും അടുപ്പവും പരസ്യജീവിത കാലത്തെ സാധരണ അനുഭവങ്ങളുടെ പരിമിതികൾ കടന്ന് ഉത്ഥാനാനുഭവത്തിലെത്തിയപ്പോഴാണ് തോമ്മാശ്ലീഹായിലെ പ്രേഷിതൻ രൂപപ്പെടുന്നത്. പലസ്തീനായിൽ നിന്ന് കൊടുങ്ങല്ലൂർ വഴി, വിവിധ സ്ഥലങ്ങൾ കടന്ന് മൈലാപ്പൂരിൽ അവസാനിച്ച തോമ്മാശ്ലീഹായുടെ പ്രേഷിത യാത്ര ആധുനിക സമൂഹത്തിന്റെ വിശാല വഴികളിലൂടെ തുടരാൻ വിളിക്കപ്പെട്ടവരാണ്, സഭാമക്കളായ നമ്മൾ എല്ലാവരും നമ്മുടെ സഭയും തോമ്മാശ്ലീഹായിൽ നിന്ന് വിശ്വാസം സ്വീകരിച്ച ഇതര സഭകളും ഈ ദൗത്യം തുടരുന്നുണ്ട്. തോമ്മാശ്ലീഹായുടെ വിശ്വാസ തീക്ഷ്ണതയും അദ്ദേഹം ജീവിച്ച കാലഘട്ടത്തിന്റെ വെല്ലുവിളികളും അതിന്റെ ഫലമായ രക്തസാക്ഷിത്വവും നമ്മുടെ സുവിശേഷ പ്രചരണം സംരംഭങ്ങളിൽ കാലാനുസൃതമായി പ്രതിഫലിക്കണം.

സഭാ ദിനാചരണത്തിന്റെ പശ്ചാത്തലത്തിൽ സീറോ മലബാർ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെയും അവ ലോകത്തിനു നല്കിയ നിരവധി ഫലങ്ങളെയും ഓർത്ത് നന്ദി പറയാം. ലോകമെമ്പാടും ഇന്ന്



സീറോ മലബാർ സഭയുടെ മക്കൾ സജീവസാക്ഷ്യം നല്കി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു എന്നത് സന്തോഷകരമായ യാഥാർത്ഥ്യമാണ്. നമ്മുടെ സഭയിൽ നിന്നുള്ള മെത്രാന്മാരും വൈദികരും, സമർപ്പിതരും മറ്റ് വ്യക്തി സഭകളിൽ ഫലപ്രദമായ അജപാലന പ്രേഷിത ശുശ്രൂകൾ ചെയ്യുന്നതും അഭിമാനാർഹമായ കാര്യമാണ്. മാർ തോമ്മാശ്ലീഹാ തെളിയിച്ചു തന്ന വിശ്വാസ ദീപം ലോകമാസകലം പ്രകാശിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ തീക്ഷ്ണതയോടെ നമുക്കു തുടരാം. ഭാരതം മുഴുവനിലും പ്രേഷിത പ്രവർത്തനം നടത്തുവാനുള്ള അവസരം ലഭിച്ച നമ്മുടെ സഭ പ്രേഷിത ചൈതന്യത്തിൽ കൂടുതൽ വളരേണ്ടതുണ്ട്. ഗൾഫ്, സിംഗപ്പൂർ, ആഫ്രിക്കയിലെ ചില രാജ്യങ്ങൾ എന്നിവിടങ്ങളിലെ നമ്മുടെ വിശ്വാസികൾക്കും കൂടി നമ്മുടെ സഭയുടെ തനതായ അജപാലന സൗകര്യങ്ങൾ അവയുടെ പൂർണ്ണതയിൽ ലഭിക്കുന്നതിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണം.

ഏതൊരു പ്രേഷിത പ്രവർത്തനവും ആത്മാർത്ഥയോടെ ഏറ്റെടുക്കുകയും പ്രതിബദ്ധതയോടെ തുടരുകയും ചെയ്യണമെങ്കിൽ അയച്ചവനോടുള്ള ബന്ധവും വിശ്വസ്തതയും സജീവമായി നില നിർത്തണം. ആധുനിക സമൂഹത്തിന്റെ പ്രായോഗിക സംസ്കാരത്തിൽ, ചില തത്വചിന്തകളും ദൈവശാസ്ത്ര സമീപനങ്ങളും ഈ വിശ്വസ്തതയ്ക്ക് എതിരായി നിൽക്കുന്നുണ്ട്. ഈശോയുടെ രക്ഷാകര ദൗത്യം തങ്ങളുടെ തന്നെയും വിശ്വാസ സമൂഹത്തോടും പൊതുസമൂഹത്തോടും ഫലപ്രദമായി പ്രഘോഷിക്കാൻ എല്ലാ സഭാംഗങ്ങൾക്കും സാധിക്കണം.

വർത്തമാന കാലത്തിൽ സഭയുടെ പ്രേഷിത സ്വഭാവത്തെയും ദൗത്യത്തെയും ലോകത്തിനു മുൻപിൽ അവതരിപ്പിക്കുന്നതിൽ ഫ്രാൻസിസ് മാർപാപ്പ എപ്പോഴും ശ്രദ്ധാലുവാണ്. യുവജനങ്ങൾക്കുവേണ്ടി റോമിൽ നടന്ന പ്രത്യേക സിനഡിനുശേഷം പുറത്തിറക്കിയ ക്രിസ്തു ജീവിക്കുന്നു. എന്ന അപ്പസ്തോലിക പ്രബോധനം മാർപാപ്പയുടെ ലോകത്തോടുള്ള ശക്തമായ സുവിശേഷ പ്രഘോഷണമാണ്. ഈ അപ്പസ്തോലിക പ്രബോധനത്തിൽ ഏതൊരു ക്രൈസ്തവനും വിശ്വസിക്കേണ്ടതും ജീവിക്കേണ്ടതും പ്രഘോഷിക്കേണ്ടതുമായ മൂന്ന് സത്യങ്ങളെ അവതരിപ്പിക്കുന്നുണ്ട്. ദൈവം നിന്നെ സ്നേഹിക്കു

ന്നു, ക്രിസ്തുവാണ് രക്ഷകൻ, ക്രിസ്തു ജീവിക്കുന്നു എന്നിവയാണ് മാർപാപ്പ ലോകത്തോട് പ്രഘോഷിക്കുന്ന സുവിശേഷ സത്യങ്ങൾ ഉപഭോഗ മരണ സംസ്കാരങ്ങൾ ആധുനിക മനുഷ്യന്റെ നിഷേധാത്മകതയെ വളർത്തി, സുവിശേഷ മൂല്യങ്ങളിൽ നിന്നും സഭയിൽ നിന്നും അകറ്റുമ്പോൾ രക്ഷകനായ ക്രിസ്തു ഇന്നും ജീവിക്കുന്നവനാണെന്നു പ്രഘോഷിക്കുന്നതാണല്ലോ വിമോചനത്തിന്റെ സുവിശേഷം. എല്ലാ പ്രേഷിത പ്രവർത്തനങ്ങളും അടിസ്ഥാനമിടേണ്ടതും അർത്ഥം കണ്ടെത്തേണ്ടതും ഈ സത്യത്തിൽ നിന്നാണ്. ഈ കാലഘട്ടത്തിലും നമ്മൾ പ്രഘോഷിക്കേണ്ടതും ജീവിക്കേണ്ടതും പ്രാവർത്തികമാക്കേണ്ടതുമായ സത്യവും ഇതു മാത്രമാണ്.

ദൈവം നലകിയ അനുഗ്രഹങ്ങൾക്കിടയിലും ഇനിയും ആത്മപരിശോധനയ്ക്ക് വിഷയമാക്കേണ്ട കാര്യങ്ങൾ നമ്മുടെ മുൻപിലുണ്ട്. സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും ഇടപെടലുകളിലും സുവിശേഷത്തിന്റെ കലർപ്പില്ലാത്ത സന്ദേശം പകർന്നു കൊടുക്കുവാൻ നമുക്കു കഴിയണം. ആദിമസഭയിലുണ്ടായിരുന്ന പങ്കുവയ്ക്കൽ മനോഭാവം വിവിധ സഭാ സംവിധാനങ്ങളിലും സ്ഥാപനങ്ങളുടെ നടത്തിപ്പിലും വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിലും നയരൂപീകരണത്തിലും കൂടുതൽ പ്രകടമാക്കേണ്ടതുണ്ട്. ചരിത്രത്തിലൂടെ ദീർഘയാത്ര തുടരുന്ന ഇന്നത്തെ സഭ, ആദിമസഭയുടെ ജാഗ്രതയും തീക്ഷ്ണതയും കൈമോശം വരാതെ കാത്തുസൂക്ഷിക്കണം. മണവാളൻ എപ്പോൾ വരുമെന്ന് നിശ്ചയമില്ലാത്തിനാൽ, വിളക്കണയാതിരിക്കാൻ എണ്ണ കരുതി സ്വീകരിക്കാൻ കാത്തിരിക്കുന്ന കന്യകമാരുടെ ജാഗ്രത സഭയുടെ എല്ലാ മേഖലകളിലും ഉറപ്പുവരുത്തുവാൻ കൂട്ടായ്മയോടെ പ്രവർത്തിക്കേണ്ടതുണ്ട്. ദൈവം ഈ ലോകം മുഴുവനെയും സ്നേഹിക്കുന്നുവെന്നും ഫലപ്രദമായി പ്രഘോഷിക്കുവാൻ നമുക്ക് സാധിക്കണം.

ഈ പ്രഘോഷണത്തിലും സാക്ഷ്യത്തിലും നമുക്കു വന്നുപോയ പോരായ്മകളെ എളിമയോടെ അംഗീകരിക്കാം . തെറ്റിദ്ധാരണകളെയും വിമർശനങ്ങളെയും എതിർപ്പുകളെയും ഈശോയുടെ ശൈലിയിൽ സ്വീകരിക്കാൻ സാധിക്കണം. നാമെല്ലാവരും വിശുദ്ധിയിലേയ്ക്ക് വളരാൻ വിളിക്കപ്പെട്ടവരാണന്ന സത്യം **ആനന്ദിച്ച് ആഹ്ളാദിക്കുവിൻ** എന്ന തന്റെ ചാക്രിക ലേഖനത്തിൽ ഫ്രാൻസിസ് മാർപാപ്പ ഓർമ്മിപ്പിക്കുന്നു



ണ്ട്. വിശുദ്ധിയെന്നത് നമ്മുടെ ദുർബലതയും ദൈവിക കൃപയുടെ ശക്തിയും തമ്മിലുള്ള കണ്ടുമുട്ടലാണ്. നമ്മുടെ പരിമിതികളിൽ നിന്നും കൂടുതൽ ഉയരത്തിലേയ്ക്കു നോക്കാൻവേണ്ടി ,ദൈവത്താൽ സ്നേഹിക്കപ്പെടാനും , വിമോചിതരാകാനും വിട്ടുകൊടുക്കുന്നതിൽ നമുക്ക് ഭയപ്പെടാതിരിക്കാം. എല്ലാ ക്ലേശങ്ങൾക്കുമിടയിൽ ആനന്ദം നല്കുന്ന രക്ഷയുടെ പ്രത്യാശ നമുക്ക് മുറുകെപിടിക്കാം.

നമ്മുടെ സഭാദിനാചരണവേളയിൽ നിങ്ങൾക്കെഴുതുമ്പോൾ സുപ്രധാനമായ ചില വാർത്തകൾ കൂടി പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു. തിരുകുടുംബ സന്യാസിനി സമൂഹത്തിന്റെ സ്ഥാപകയും നമ്മുടെ സഭാംഗവുമായ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ അടുത്ത ഒക്ടോബർ മാസത്തിൽ വിശുദ്ധ പദവിയിലേയ്ക്കുയർത്തപ്പെടുമെന്ന് നമുക്ക് അറിവു ലഭിച്ചിട്ടുണ്ട്. അതുപോലെ കാനഡയിലെ മിസിസാഗ എക്സാർക്കേറ്റ്, രൂപതയായി പരിശുദ്ധ പിതാവ് ഉയർത്തിയ വിവരം നിങ്ങൾ അറിഞ്ഞുകാണുമല്ലോ. രൂപതയുടെ ഉദ്ഘാടന ചടങ്ങിലും പ്രഥമ മെത്രാന്റെ സ്ഥാനാരോഹണ കർമ്മ ത്തിലും ഞാൻ പങ്കെടുത്തിരുന്നു. മൂന്നാമത്തേത്, വരുന്ന ഒക്ടോബർ മാസത്തിൽ നമ്മുടെ സഭയിലെ പിതാക്കന്മാരെല്ലാം ആദ് ലിമിന സന്ദർശനത്തിനായി റോമിലേയ്ക്ക് പോകുന്നു എന്നതാണ്.

നിങ്ങളുടെ പ്രാർത്ഥനയിൽ നമ്മുടെ സഭയുടെ എല്ലാ നിയോഗങ്ങളെയും എളിയവനായ എന്നെയും ഓർക്കുന്നതിന് നന്ദി പറയുന്നു. ആഗസ്റ്റ് മാസം നടക്കാനിരിക്കുന്ന നമ്മുടെ സഭയുടെ സിനഡിനുവേണ്ടിയും നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണം. നമ്മുടെ പിതാവായ തോമ്മാശ്ലീഹായെപ്പൊലെ ഉത്ഥിതനായ ഈശോയെ നാഥനും രക്ഷകനുമായി ഏറ്റു പറഞ്ഞ്, ഈശോ ഇന്നും ജീവിക്കുന്നു എന്ന ഉറച്ച ബോദ്ധ്യത്തിൽ നമ്മുടെ എല്ലാ ജീവിത സാഹചര്യങ്ങളിലും പ്രേഷിത ചൈതന്യത്തിൽ മുന്നേറാൻ നിരന്തരം പരിശ്രമിക്കാം. ദുക്റാന തിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ്

# രൂപതാകാര്യാലയം

### 1) Pope's Monthly Intention for July 2019

*"ലോകത്തിലെ നീതി ന്യായ വ്യവസ്ഥിതി കാത്ത് സംരക്ഷിക്കേണ്ടവർ അതിനായി നിർമ്മലതയോടെ പ്രവർത്തിച്ചുകൊണ്ട് അനീതിയുടെ കപട പ്രവർത്തനങ്ങൾ ഇല്ലായ്മ ചെയ്യപ്പെടുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം".*

**2) ഓർമ്മിക്കേണ്ട ദിവസങ്ങൾ**

3. ശ്ലീഹാ നാലാം ബുധൻ –
**മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ**

5. **ശ്ലീഹാ നാലാം വെള്ളി**

7. **ശ്ലീഹാ അഞ്ചാം ഞായർ**

14. **ശ്ലീഹാ ആറാം ഞായർ**

15. **ശ്ലീഹാ ആറാം തിങ്കൾ**
**വി. കുര്യാക്കോസും വി. ജൂലിറ്റായും**

16. **ശ്ലീഹാ ആറാം ചൊവ്വ**
**കർമ്മലമാതാവ്**

21. **ശ്ലീഹാ ഏഴാം ഞായർ**

22. **ശ്ലീഹാ ഏഴാം തിങ്കൾ**
വി. മഗ്ദലേന മറിയം

25. **ശ്ലീഹാ ഏഴാം വ്യാഴം**
വി.യാക്കോബ് ശ്ലീഹാ

26. **ശ്ലീഹാ ഏഴാം വെള്ളി**
**കർത്താവിന്റെ എഴുപത് ശിഷ്യന്മാർ**
വി. യോവാക്കിമും വി. അന്നായും

27. **ശ്ലീഹാ ഏഴാം ശനി**



**വി. അൽഫോൻസ ക. (28 ഞായർ)**

28. കൈത്താ ഒന്നാം ഞായർ

29. കൈത്താ ഒന്നാം തിങ്കൾ
**വി. മർത്താ**

31. കൈത്താ ഒന്നാം ബുധൻ
**വി. ഇഗ്നേഷ്യസ് ലയോള**

**3) കൈത്താക്കാലം**

നമ്മുടെ കർത്താവിന്റെ പന്ത്രണ്ടു ശ്ലീഹന്മാരെ അനുസ്മരിച്ചുകൊണ്ടാണ് ഈ കാലം ആരംഭിക്കുന്നത്. സാധാരണയായി ഏഴ് ആഴ്ചകൾ നിണ്ടു നില്ക്കുന്ന ഈ കാലത്തെ കൈത്താ ക്കാലം എന്നു വിളിക്കുന്നു. കൈത്ത എന്ന പദത്തിന്റെ അർത്ഥം **"വേനൽ"** എന്നാണ്. വേനൽക്കാലത്താണല്ലോ വിളവെടുപ്പും ഫലശേഖരണവും നടത്തുക. ശ്ലീഹാ ക്കാലത്തെ പ്രേഷിത പ്രവർത്തനത്തിന്റെ ഫലമായി പന്തലിച്ചു ഫലം പുറപ്പെടുവിക്കുന്നതിനെയാണ് ഈ കാലം നമ്മെ ഓർമ്മിപ്പിക്കുക. അതുകൊണ്ട് ഈ കാലം സഭയുടെ വളർച്ചയുടെ കാലമായി പരിഗണിക്കപ്പെടുന്നു.

സഭയുടെ വിശ്വസ്ത സന്താനങ്ങളായ ശ്ലീഹാന്മാരുടെയും രക്തസാക്ഷികളുടെയും ഓർമ്മ ഈ കാലത്തിന്റെ പ്രത്യേകതയാണ്. അവരുടെ ജീവിതചര്യ അനുകരിക്കാൻ എല്ലാ വിശ്വാസികൾക്കും കടമയുണ്ടെന്ന വസ്തുതയും ഈ കാലം നമ്മെ അനുസ്മരിപ്പിക്കുന്നു. യഥാർത്ഥ വളർച്ച ആന്തരികനവീകരണത്തിൽ അടങ്ങിയിരിക്കുന്നു. നിയമാനുഷ്ഠാനത്തിലൂടെ, മനസ്സിന്റെയും ഹൃദയത്തിന്റെയും നവീകരണം വഴി, ഒരു സമൂലപരിവർത്തനം അനിവാര്യമായിരിക്കുന്നു എന്ന് ഈ കാലം ഓർമ്മിപ്പിക്കുന്നു. അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ആവശ്യകതയിലേക്കും ഈ കാലം വിരൽ ചൂണ്ടുന്നു. പാപത്തോടു വിടപറഞ്ഞ്, ജീവിത വിശുദ്ധിയിൽ നമുക്കു വ്യാപരിക്കാം.

**4)കൈക്കാരൻമാരുടെ പരിശീലന പരിപാടി**

2019 – 2020 വർഷത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട ഇടവക കൈക്കാരൻമാരുടെ ഒരു ദിവസത്തെ പരിശീലന പരിപാടി ജൂൺ മാസം 8

തിയതി രാവിലെ 9-30 മുതൽ വൈകുന്നേരം 4 മണിവരെ ജ്ഞാനനിലയത്തിൽ വച്ച് നടത്തപ്പെട്ടു. അഭി. ലോറൻസ് മുക്കുഴി പിതാവ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ കൈക്കാരൻമാരുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും, അവർ ഇടവകയിൽ ചെയ്യുന്ന നിസ്വാർത്ഥ സേവനങ്ങളെക്കുറിച്ചും എടുത്ത് പറയുകയും അവരെ അനുമോദിക്കുകയും ചെയ്യ്തു.

തലശ്ശേരി അതിരൂപതയുടെ കാഞ്ഞാങ്ങാട് റിജിയണിന്റെ എപ്പിസ്കോപ്പൽ വികാരി പെരി. ബഹു. ജോസഫ് ഒറ്റപ്ലാക്കൽ അച്ചൻ കൈക്കാരൻമാരുടെ ഉത്തരവാദിത്വങ്ങൾ, കടമകൾ, അവകാശങ്ങൾ എന്നി വിഷയത്തെക്കുറിച്ച് പഠിപ്പിക്കുന്നതോടൊപ്പം അജപാലന പ്രവർത്തന രിതികളെക്കുറിച്ച് മനോഹരമായി ക്ലാസ്സുകൾ എടുത്തു.

112 കൈക്കാരൻമ്മാർ പങ്കെടുത്തു. ഇവരെ പ്രോൽത്സാഹിപ്പിച്ച് പറഞ്ഞായച്ച ബഹു. വികാരിയച്ചന്മാർക്ക് പ്രത്യേകം നന്ദി.

## 5) Junior Priests' Meeting

രൂപതയിലെ ജൂനിയർ വൈദികരുടെ സമ്മേളനം ജൂൺ മാസം 11, 12 തിയതികളിലായി ജ്ഞാനനിലയത്തിൽ വച്ച് അഭി. പിതാവിന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. പങ്കെടുത്ത എല്ലാവർക്കും നന്ദി.

## 6) സംയുക്ത വൈദിക സമിതി യോഗം

തലശ്ശേരി അതിരൂപതയിലെ, തലശ്ശേരി, മാനന്തവാടി, താമരശ്ശേരി, ബൽത്തംഗഡി, ഭദ്രാവതി, മണ്ട്യ രൂപതകളിലെ വൈദിക സമിതികളുടെ ഒരു സംയുക്ത സമ്മേളനം 2019 ജൂൺ 10 -ാം തിയതി തലശ്ശേരിയിൽ നടന്നു. രൂപതകൾ തമ്മിലുള്ള ബന്ധം കൂടുതൽ ഊഷ്മളമാക്കുന്നതിനും വൈദികർ തമ്മിലുള്ള ബന്ധം വർദ്ധിപ്പിക്കുന്നതിനും പൊതുവായ പ്രവർത്തന പദ്ധതികളും നയങ്ങളും രൂപീകരിക്കുന്നതിനും സഹായകരമായി. നമ്മുടെ രൂപതയിൽ നിന്നും 15 വൈദികർ പങ്കെടുത്തു.

## 7) വൈദികരുടെ വാർഷിക ധ്യാനം

നമ്മുടെ ഈ വർഷത്തെ വൈദികർക്കുവേണ്ടിയുള്ള വാർഷിക ധ്യാനം ജ്ഞാനനിലയത്തിൽ വെച്ച് 2019 ജൂലൈ 8 ന് വൈകുന്നേരം 6.00 മണിക്ക് ആരംഭിച്ച് 13 ന് രാവിലെ 8.00 മണിയോടെ അവസാനിക്കുന്നതാണ്. ഈ വർഷം ധ്യാനിപ്പിക്കുന്നത് പ്രസിദ്ധ ധ്യാനഗുരു ബഹു. ജോസ് വെട്ടിയാങ്കലച്ചനാണ്.



## 8) Inter - Commission Meeting

2019 ജൂൺ 17 ന് രൂപതയിൽ പ്രവർത്തിക്കുന്ന, വിവിധ കമ്മീഷനുകളുടെ ഉത്തരവാദിത്വം വഹിക്കുന്ന ബഹുമാനപ്പെട്ട വൈദികർ അഭി. പിതാവിന്റെ അദ്ധ്യക്ഷതയിൽ ഒരുമിച്ചുകൂടി രൂപതയുടെ അജപാലന കാര്യപരിപാടികൾ വിലയിരുത്തുകയും ഭാവികാര്യങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു.

## 9) Let us pray for Rev., Priests' :

**Birth Day : July**

| | | |
|---|---|---|
| Rev. Fr. Paikatt Devasya | - | 7 |
| Rev. Fr. Vettuvazhy Kuriakose | - | 11 |
| Rev. Fr. Ambattu Mathew | - | 22 |
| Rev. Fr. Parambukattil Jacob | - | 24 |

**Feast Day:**

| | | |
|---|---|---|
| Rev. Fr. Kannamkal Thomas | - | 03 |
| Rev. Fr. Kallikat Thomas | - | 03 |
| Rev. Fr. Parekattil Thomas | - | 03 |
| Rev. Fr. Kallupuraparambil Thomas | - | 03 |
| Rev. Fr. Panachickal Thomas | - | 03 |
| Rev. Fr. Pullattu Thomas | - | 03 |
| Rev. Fr. Puthiyara Thomas | - | 03 |
| Rev. Fr. Vettuvazhy Kuriakose | - | 15 |
| Rev. Fr. Parambukattil Jacob | - | 25 |

## 10) Appointment

Rev. Fr. Jose Ayamkudy- Dakshina Kannada KSMCA-Director (Additional Charge)

**Fr. Lawrence Poonolil**
Chancellor

सत्यमेव जयते

प्रधान मंत्री

**Prime Minister**

New Delhi
2nd June, 2019

**Mr. Oswald Cardinal Gracias,**

I thank you for your congratulatory message on the decisive mandate the BJP and NDA has received from the people of India.

It was the people's firm belief in a strong, stable and inclusive government to chart India's rise in the world that ensured such a historic success. I am overjoyed that once again people entrusted their faith in us and gave us another opportunity to fulfill the aspirations of New India.

If the last five years have been about building a solid foundation for reforms to take place. The coming decade will be about Indian economy bearing the fruits of those reforms and scaling up to become a 5 trillion economy. That is not all. We aim to ensure homes for all and double farmers' income by 2022. We want India to emerge as the top start-up ecosystem, for which we have already hit the ground running.

India is brimming with hope and so are we. The people-led development model that our government worked with would continue to be our model of good governance. We are committed to our motto of "Sabka Saath, Sabka Vikas, Sabka Vishwas" and will continue to provide progressive, development-oriented and corruption-free governance to build a strong, prosperous and inclusive India.

Yours,

**(Narendra Modi)**

**Mr. Oswald Cardinal Gracias**
Archbishop of Bombay &
President, Catholic Bishops Conference of India
Arch Bishop's House, 21, Nathalal Parekh Marg
Mumbai
Maharashtra- 400001



## ലോക മാധ്യമദിന സന്ദേശം 2019

നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണ് (എഫേ 4-25)

സാമൂഹിക നെറ്റുവർക്ക് സമൂഹങ്ങളിൽനിന്ന് മാനുഷിക സമൂഹത്തിലേക്ക്

പ്രിയ സഹോദരീ സഹോദരന്മാരേ,

ഇന്റർനെറ്റ് ആദ്യം ലഭ്യമായപ്പോൾ മുതൽ സഭ എപ്പോഴും വ്യക്തികൾ തമ്മിലുള്ള കണ്ടുമുട്ടലിന്റെയും എല്ലാവരിലുമുള്ള ഐക്യദാർഢ്യത്തിന്റെയും സേവനത്തിൽ അതിന്റെ ഉപയോഗം വളർത്താൻ പരിശ്രമിച്ചു. നമ്മുടെ പാരസ്പര്യത്തിന്റെ അടിസ്ഥാനത്തെയും പ്രാധാന്യത്തെയും പറ്റി ഒരിക്കൽകൂടി ചിന്തിക്കാനും സമകാലീന സമ്പർക്കമാധ്യമ പശ്ചാത്തലം സമ്മാനിക്കുന്ന വെല്ലുവിളികളുടെ വിസ്തൃതവ്യൂഹത്തിൽ, അനുവത്കൃതനായും ഏകാകിയായും കഴിയാൻ മനസ്സില്ലാത്ത മനുഷ്യ വ്യക്തിയുടെ ആഗ്രഹം വീണ്ടും കണ്ടെത്താനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.

**നെറ്റിന്റെയും സമൂഹത്തിന്റെയും രൂപകാലങ്കാരങ്ങൾ**

അനുദിന ജീവിതമണ്ഡലത്തിൽ നിന്ന് വേർതിരിച്ചറിയാനാവാത്ത വിധം വ്യാപന ശക്തിയുള്ളതാണ് ഇന്നത്തെ മാധ്യമ പരിത സ്ഥിതി. നെറ്റ് നമ്മുടെ കാലഘട്ടത്തിലെ ഒരു വിഭവ കേന്ദ്രമാണ്. പണ്ട് ചിന്തിക്കാൻ സാധ്യമല്ലാതിരുന്ന അറിവിന്റെയും ബന്ധങ്ങളുടെയും ഉറവിടമാണത്. എന്നിരുന്നാലും ഉത്പാദന പ്രകിയ, വിതരണം, ഉള്ളടക്കത്തിന്റെ ഉപയോഗം എന്നിവയിൽ സാങ്കേതികവിദ്യ കൊണ്ടുവന്നിട്ടുള്ള അഗാധമായ പരിവർത്തനങ്ങളുടെ വെളിച്ചത്തിൽ ആഗോള തലത്തിൽ യഥാർത്ഥ അറിവിനുള്ള അന്വേഷണം, അതിന്റെ പങ്കുവയ്ക്കൽ എന്നിവയെ ഭീഷണിപ്പെടുത്തുന്ന അപകടങ്ങളെയും അനേകം വിദഗ്ധർ ഉയർത്തിക്കാണിച്ചിട്ടുണ്ട്. ഇന്റർനെറ്റ് അറിവിനെ സമീപിക്കാനുള്ള അസാധാരണ സാധ്യതയെ പ്രതിനിധികരിക്കുമെങ്കിലും അത് തെറ്റായ അറിവു നല്കുന്നതും യാഥാർത്ഥ്യങ്ങളെയും വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളെയും വികലമാക്കുന്നതുമാണെന്നതും സത്യമാണ്.

ഒരു കാര്യം നാം തിരിച്ചറിയണം. സാമൂഹിക നെറ്റുവർക്കുകൾ ഒരു വശത്ത് പരസ്പരം നന്നായി ബന്ധപ്പെടാനും വിണ്ടും കണ്ടെത്താനും പരസ്പരം സഹായിക്കാനും നമ്മെ പ്രാപ്തരാക്കുന്നു.

എന്നാൽ മറുവശത്ത് വ്യക്തിക്കും വ്യക്തിയുടെ അവകാശങ്ങൾക്കും അർഹമായ ബഹുമാനം നല്കാതെ രാഷ്ട്രീയമോ സാമ്പത്തികമോ ആയ നേട്ടങ്ങൾക്കുവേണ്ടി വ്യക്തിപരമായ വിവരങ്ങൾ ദുരുപയോഗിക്കാൻ നിമിത്തമാകുന്നു. യുവജനങ്ങളിൽ നാലിൽ ഒരാൾ സൈബർ ബുള്ളിയിംഗിന്റെ പരമ്പരകളിൽ ഉൾപ്പെട്ടരിക്കുന്നു വെന്ന് സ്ഥിതി വിവരക്കണക്കുകൾ വ്യക്തമാക്കുന്നു.

ഈ സങ്കീർണാവസ്ഥയിൽ ഇന്റർനെറ്റു തുടങ്ങിയതിന്റെ അടിസ്ഥാനമായിരുന്ന നെറ്റ് എന്ന രൂപകാലങ്കാരത്തെപറ്റി വീണ്ടും ചിന്തിക്കുന്നത് അതിന്റെ ഭാവാത്മകമായ കഴിവു കണ്ടെത്താൻ ഉപകാരപ്രദമായിരിക്കും. വല എന്ന ബിംബം തിരശ്ചീന രേഖകളുടെയും ലംബരേഖകളുടെയും ബഹുത്വത്തെക്കുറിച്ചു ചിന്തിക്കാൻ നമ്മെ ക്ഷണിക്കുന്നു. ഒരു കേന്ദ്രസ്ഥാനമോ ശ്രേണീപരമായ ഘടനയോ ലംബസമാനമായ ഒരു സംയോജനാരൂപമോ ഇല്ലാത്ത അതിന് സ്ഥിരത ഉറപ്പു വരുത്തുന്നവയാണ് ഈ രേഖകൾ. എന്നാൽ പലപ്പോഴും അവ പൊതു താത്പര്യങ്ങളെയോ നേർത്ത ബന്ധങ്ങൾ മാത്രം പേറുന്ന വിഷയങ്ങളെയോ മുൻ നിറുത്തി പരസ്പരം അംഗീകരിക്കുന്ന വ്യക്തികളുടെ ഗണങ്ങൾ മാത്രമായി കഴിയുന്നു.

നരവംശ ശാസ്ത്രപരമായ വീക്ഷണപ്രകാരം നെറ്റ് (സമൂഹം എന്ന) രൂപകാലങ്കാരം അർത്ഥപൂർണമായ മറ്റൊരു പ്രതിബിംബത്തെ ഓർമിപ്പിക്കുന്നു. സമൂഹം പരസ്പര വിശ്വാസമുള്ളതായിരിക്കുകയും പൊതു ലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുകയും ചെയ്യണം. അത് സംയോഗശക്തിയുള്ളതും പിന്താങ്ങുന്നതമായിരിക്കണം. ഐക്യദാർഢ്യത്തിന്റെ നെറ്റുവർക്ക് എന്ന നിലയിലുള്ള സമൂഹത്തിന് ഭാഷയുടെ ഉത്തരവാദിത്വപൂർണ്ണമായ ഉപയോഗത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള പരസ്പരശ്രവണവും സംവാദവും ഉണ്ടാകണം.

ഇന്നത്തെ സാഹചര്യത്തിൽ സോഷ്യൽ നെറ്റുവർക്ക് സമൂഹങ്ങൾ സ്വാഭാവിക സമൂഹത്തിന്റെ പര്യായമല്ലെന്ന് ആർക്കും കാണാവുന്നതാണ്. അടിയന്തരഘട്ടങ്ങളിൽ ഈ വെർച്ചൽ സമൂഹങ്ങൾ കൂടിച്ചേരലും ഐക്യദാർഢ്യവും പ്രദർശിപ്പിക്കാൻ കഴിവുള്ളതാണ്. എന്നാൽ പലപ്പോഴും ദുർബലമായ ബന്ധങ്ങളുടെ പൊതു താത്പര്യം മൂലം പരസ്പരം തിരിച്ചറിയുന്ന ഗ്രൂപ്പുകളായി കഴിയുന്നു. കൂടാതെ സോഷ്യൽ വെബിൽ തനിമ പലപ്പോഴും അപരനോട്, ഗ്രൂപ്പിൽ പെടാത്തവനോടുള്ള വൈരുധ്യത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാകുന്നു. നമ്മെ ഐക്യപ്പെടുത്തുന്നവയെ എന്നതിനേക്കാൾ നമ്മെ വിഭജിക്കുന്നവയെ അടിസ്ഥാനപ്പെടുത്തി നാം സ്വയം നിർവചിക്കുന്നു. സംശയത്തിനും എല്ലാതരം മുൻവിധിക്കും (വംശപര, ലിംഗപരം,മതപരം)

ഇടയാക്കുന്നു. ഈ പ്രവണത വൈവിധ്യത്തെ ഒഴിവാക്കുന്ന ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുന്നു. അത് ഡിജിറ്റൽ സാഹചര്യത്തിലും വിദ്വേഷത്തിന്റെ ഓളങ്ങളെ ഇളക്കിവിടുന്ന അനിയന്ത്രിമായ വ്യക്തിവാദത്തെ പോഷിപ്പിക്കുന്നു. അങ്ങനെ ലോകത്തിലേക്കുള്ള ഒരു ജനാലായിരിക്കേണ്ടത് വ്യക്തിപരമായ സ്വദേഹപ്രേമം പ്രദർശിപ്പിക്കുന്ന ഒരു ഷോകെയ്സായിത്തീരുന്നു.

മറ്റുള്ളവരുമായിട്ടുള്ള കണ്ടുമുട്ടൽ വളർത്താനുള്ള അവസരമാണ് നെറ്റ്. എന്നാൽ അതിന് നമ്മുടെ ഏകാന്തതയെ വർദ്ധിപ്പിക്കാനാകും- നമ്മെ പിടികൂടിയ ഒരു വലപോലെ. യുക്തിപരമായ തലത്തിൽ പൂർണമായി തൃപ്തിപ്പെടുത്താൻ സോഷ്യൽ വെബിന് കഴിയുമെന്ന മിഥ്യാബോധം യുവജനത്തിനാണ് ഏറ്റവും കൂടുതൽ ഉള്ളത്. "യുവജനം സാമൂഹിക താപസന്മാർ" ആയിത്തീരുന്ന അപകടകരമായ ഒരു പ്രതിഭാസം ഉണ്ട് അവർ സമൂഹത്തിൽ നിന്നു പൂർണമായി ഒറ്റപ്പെടുകയെന്ന അപകടസാധ്യതയിലാണ്. നാടകീയമായ ഈ അവസ്ഥ സാമൂഹിക ബന്ധത്തിൽ തകർച്ചയുണ്ടാക്കുന്നു എന്നത് നമുക്ക് അവഗണിക്കാനാവില്ല.

നാനാരൂപമുള്ളതും അപകടകരവുമായ ഈ യാഥാർത്ഥ്യം അവ സാന്മാർഗികമോ സാമൂഹികമോ നിയമപരമോ രാഷ്ട്രീയമോ സാമ്പത്തികമോ ആയ വിവിധ ചോദ്യങ്ങളെ ഉയർത്തുന്നു. അവ സഭയെ വെല്ലുവിളിക്കുകയും ചെയ്യുന്നുണ്ട്. വെബിനെ നിയന്ത്രിക്കാനും സ്വതന്ത്രവും തുറവിയുള്ളതും സുരക്ഷിതവുമായ ഒരു നെറ്റുവർക്കിനെക്കുറിച്ച് തുടക്കത്തിലേ ഉള്ള കാഴ്ചപ്പാട് സംരക്ഷിക്കാനും സർക്കാരുകൾ നിയമപരമായ മാർഗങ്ങൾ തേടുന്നു. അതേസമയം അതിന്റെ ഭാവാത്മകമായ ഉപയോഗത്തെ വളർത്താൻ നമുക്ക് എല്ലാവർക്കും ബാധ്യതയും ഉത്തരവാദിത്വവും ഉണ്ട്.

ബന്ധങ്ങൾ വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം പരസ്പരധാരണ വളർത്താൻ കഴിയില്ലല്ലോ. അങ്ങനെയെങ്കിൽ ഓൺലൈൻ നെറ്റുവർക്കിൽ പരസ്പര ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ബോധത്തോടെ എങ്ങനെ യഥാർത്ഥ സാമൂഹിക തനിമ കണ്ടെത്താനാവും?

**‘‘നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണ് ’’**

മൂന്നാമത്തെ ഒരു രൂപകാലങ്കാരത്തിൽ നിന്ന്, ശരീരവും അവയവങ്ങളും എന്ന രൂപകാലങ്കാരത്തിൽ നിന്ന് സാധ്യമായ ഒരു ഉത്തരം കണ്ടെത്താൻ കഴിയും. ആ രൂപകമാണ് മനുഷ്യരെ ബന്ധപ്പിക്കുന്ന ശരീരത്തെ അടിസ്ഥാനപ്പെടുത്തി മനുഷ്യരുടെ പരസ്പര ബന്ധം വിവരിക്കാൻ വിശുദ്ധ പൗലോസ് ശ്ലീഹാ ഉപയോഗിക്കുന്നത് ‘‘അതിനാൽ വ്യാജം വെടിഞ്ഞ് എല്ലാവരും തങ്ങളുടെ അയൽക്കാരോട് സത്യം സംസാരിക്കണം. കാരണം നാം ഒരേ ശരീരത്തിലെ അവയവങ്ങളാണ് ’’ (എഫേ 4 : 25) പരസ്പരം അവയവങ്ങളായിരിക്കുകയെന്നത് ആഴമുള്ള ഒരു ലക്ഷ്യമാണ്. അത് ഉപയോഗിച്ച് അപ്പസ്തോലൻ നമ്മെ വ്യാജം വെടിയാനും സത്യം പറയാനും ക്ഷണിക്കുന്നു. സത്യത്തെ സംരക്ഷിക്കാനുള്ള കടമ ഐക്യത്തിന്റെ പരസ്പര ബന്ധത്തിൽ നിന്നുണ്ടാകുന്നു. സത്യം ഐക്യം വെളിവാക്കുന്നു. നുണയാകട്ടെ നമ്മൾ ഒരേ ശരീരത്തിന്റെ അംഗങ്ങളാണെന്നത് നിഷേധിക്കുന്നു.

ശരീരത്തിന്റെയും അവയവങ്ങളുടെയും അലങ്കാരം നമ്മുടെ തനിമയെപ്പറ്റി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. ആ തനിമ ഐക്യത്തിലും അപരത്വംത്തിലും അടിയുറച്ചതാണ്. ക്രിസ്തു ശിരസ്സായിട്ടുള്ള ഏക ശരീരത്തിലെ അവയവങ്ങളാണ് നമ്മൾ എന്ന് ക്രൈസ്തവരായ നമ്മൾ അംഗീകരിക്കുന്നു. ഭാവിയിൽ മത്സരിക്കാനുള്ളവരായി ആളുകളെ കാണാതിരിക്കാനും ശത്രുക്കളെപ്പോലും വ്യക്തികളായി കാണാനും ഇത് സഹായിക്കും. നമ്മെത്തന്നെ നിർവചിക്കാൻ നമുക്കു ശത്രുവിന്റെ ആവശ്യമില്ല. എന്തെന്നാൽ എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന നോട്ടം നാം ക്രിസ്തുവിൽനിന്നു പഠിക്കുന്നുണ്ട്. അത് അപരത്വത്തെ പുതിയൊരു രീതിയിൽ കണ്ടെത്താൻ അവശ്യഘടകമായും ബന്ധത്തിന്റെയും അടുപ്പത്തിന്റെയും വ്യവസ്ഥയായും കാണ്ടത്താൻ നമ്മെ പ്രേരിപ്പിക്കുന്നു.

മനസ്സിലാക്കാനും ബന്ധപ്പെടാനും മനുഷ്യരിലുള്ള കഴിവ് ദൈവിക വ്യക്തികൾ തമ്മിലുള്ള സ്നേഹത്തിന്റെ ഐക്യത്തിൽ അടിയുറപ്പിച്ചതാണ്. ദൈവം ഏകാന്തതയല്ല, ഐക്യമാണ്. അവിടന്നു സ്നേഹമാണ് ; അതുകൊണ്ട്, സമ്പർക്കമാണ്. എന്തെന്നാൽ സ്നേഹം എപ്പോഴും ആശയവിനിമയം നടത്തുന്നു. അന്യനെ കണ്ടെത്താൻ സ്വയം അങ്ങനെ ചെയ്യുന്നു. ചരിത്രത്തിലുടനീളം യഥാർത്ഥ സംവാദം



സ്ഥാപിച്ചുകൊണ്ട് നമ്മോടു സംസരിക്കുന്നതിനും നമ്മോടു ബന്ധപ്പെടുന്നതിനും ദൈവം നമ്മുടെ ഭാഷ സ്വീകരിക്കുന്നു.

നമ്മൾ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കെപ്പെട്ടിരിക്കുന്നു. അവിടുന്ന് ഐക്യവും ആത്മസമ്പർക്കവുമാണ്. അതുകൊണ്ട് ഐക്യത്തിൽ ജീവിക്കാനുള്ള ഒരു സമൂഹത്തിന്റെതായിരിക്കാനുള്ള ആഗ്രഹം നമ്മുടെ ഹൃദയത്തിൽ നാം കൊണ്ടു നടക്കുന്നു. പരസ്പര ബന്ധത്തിൽ പ്രവേശിക്കുക, ‘‘പരസ്പരം ആവശ്യപ്പെട്ടു കൊണ്ടിരിക്കുക ഇതിനേക്കാൾ സവിശേഷമായ മാറ്റൊന്നും നമ്മുടെ പ്രകൃതിയിലില്ല’’ വിശുദ്ധ ബേസിൽ പറയുന്നു.

ബന്ധങ്ങളിലായിരിക്കാനും മനുഷ്യത്വത്തിന്റെ വ്യക്ത്യന്തരബന്ധസ്വഭാവം സൂക്ഷിക്കാനും ഇപ്പോഴത്തെ സാഹചര്യം നമ്മോട് ആവശ്യപ്പെടുന്നു. നെറ്റുവർക്കിലും നെറ്റുവർക്കിലൂടെയും അങ്ങനെ ചെയ്യണം. അതിലും കൂടുതലായി വിശ്വാസികൾ എന്ന നിലയിലുള്ള തനിമയുടെ അടയാളമായ ഐക്യം വെളിപ്പെടുത്താൻ, ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം വിളിക്കപ്പെട്ടിരിക്കുന്നു. വിശ്വാസം തന്നെ യഥാർത്ഥത്തിൽ ഒരു ബന്ധമാണ്, കണ്ടുമുട്ടലാണ്. ദൈവസ്നേഹത്തിന്റെ പ്രേരണകൊണ്ട് നമുക്കു സമ്പർക്കത്തിലാകാനും സ്വാഗതം ചെയ്യാനും അപരന്റെ ദാനത്തെ തിരിച്ചറിഞ്ഞ് അതിനോടു പ്രത്യുത്തരിക്കാനും കഴിയും. ഞാൻ ഞാൻ തന്നെ ആയിരിക്കണമെങ്കിൽ എനിക്ക് മറ്റുള്ളവരെ ആവശ്യമുണ്ട് എന്നത് ത്രിത്വമായ ദൈവത്തിലുള്ള വിശ്വാസത്തിൽ നിന്നുളവാക്കുന്ന കാര്യമാണ്. ഞാൻ മറ്റുള്ളവരോടു ബന്ധപ്പെട്ടാൽ മാത്രമേ ഞാൻ യഥാർത്ഥത്തിൽ മനുഷ്യത്വവും വ്യക്തിത്വവും ഉള്ളവനായിരിക്കുകയുള്ളു. യഥാർത്ഥത്തിൽ ‘‘വ്യക്തി’’ എന്ന ‘‘വാക്ക് ’’ ഒരു മുഖം എന്ന നിലയിൽ മനുഷ്യ ജീവിയെ സൂചിപ്പിക്കുന്നു. അവന്റെ മുഖം മറ്റുള്ളവരുടെ നേരേ തിരിഞ്ഞിരിക്കുകയാണ്. അവർ മറ്റുള്ളവരുമായി ബന്ധപ്പെട്ടിരിക്കുന്നവരുമാണ്. നമ്മുടെ ജീവിതം കൂടുതൽ മാനുഷികമായിത്തിരുന്നത് അതിന്റെ സ്വഭവം കുറച്ചു മാത്രം ഒറ്റപ്പെട്ടതാകുകയും കൂടുതൽ വ്യക്തിത്വമുള്ളതാവുകയും ചെയ്യുമ്പോഴാണ്. മറ്റുള്ളവനെ എതിരാളിയായി കാണുന്ന ഒറ്റപ്പെട്ടവനായിരിക്കുന്നതിൽ നിന്ന് മറ്റുള്ളവരെ സഹചാരികളായി അംഗീകരിക്കുന്ന വ്യക്തിയിൽ വിശ്വാസ്യമായ ഈ മാർഗ്ഗം കാണം.

**ലൈക്ക് എന്നതിൽനിന്നും ആമേൻ എന്നതിലേക്ക്**

ശരീരത്തിന്റെയും അവയവങ്ങളുടെയും ബിംബം നമ്മെ ഒരു കാര്യം ഓർമ്മിപ്പിക്കുന്നു. മറ്റൊരാളുടെ ശരീരം, ഹൃദയം, കണ്ണുകൾ, നോട്ടം, ശ്വസനം എന്നിവയിലൂടെ സജീവമായിത്തിരുന്ന ശരീരത്തിലുള്ള കണ്ടുമുട്ടലിന് സാമൂഹിക വെബ് ഉപകാരപ്രദമാണ്. അത്തരം ഒരു കണ്ടുമുട്ടലിന്റെ ഒരു വ്യാപിപ്പിക്കലോ പ്രതീക്ഷിക്കലോ ആയി നെറ്റ് ഉപയോഗിച്ചാൽ നെറ്റുവർക്ക് എന്ന സങ്കല്പം ഒറ്റികൊടുക്കപ്പെടുകയില്ല. അത് ഐക്യത്തിനുള്ള നിമിത്തമായി നിലകൊള്ളും. ഒരു കുടുംബം കൂടുതൽ ബന്ധപ്പെടാനും തുടർന്ന് മേശയ്ക്കരികേ കണ്ട് പരസ്പരം കണ്ണുകളിലേക്കു നോക്കാനും നെറ്റ് ഉപയോഗിക്കുമ്പോൾ അത് വിഭവമായിത്തീരുന്നു. ഒരു സഭാസമൂഹം നെറ്റ്വർക്കിലൂടെ പ്രവർത്തനം സംഘടിപ്പിക്കുകയും ഒന്നിച്ച് ദിവ്യകാരുണ്യാഘോഷം നടത്തുകയും ചെയ്താൽ നെറ്റ് വിഭവമായിത്തീരും. ശാരീരികമായി നമ്മിൽ നിന്ന് അകന്നിരിക്കുന്ന ഒരു സൗന്ദ്യര്യത്തിന്റെയോ സഹനത്തിന്റെയോ കഥകളോ അനുഭവങ്ങളോ പങ്കുവയ്ക്കാനുള്ള അവസരം നെറ്റവർക്കിലൂടെ തരുമ്പോൾ അത് വിഭവമാണ്. ഒന്നിച്ചു പ്രാർത്ഥിക്കാനും നന്മ അന്വേഷിക്കാനും ഐക്യപ്പെടുത്തുന്നവയെ കണ്ടെത്താനും നെറ്റ് സഹായിക്കുന്നു.

ഈ വിധത്തിൽ നമുക്ക് രോഗ നിർണയത്തിൽ നിന്ന് ചികിത്സയിലേക്കു കടക്കാം. സംവാദത്തിനും കണ്ടുമുട്ടലിനും പുഞ്ചിരികൾക്കും വാത്സല്യ പ്രകടനങ്ങൾക്കും ഉള്ള വഴി തുറക്കുന്ന ഈ നെറ്റുവർക്കാണ് നമുക്കും വേണ്ടത്- കെണിയിൽപെടാനുള്ളതല്ല വിമോചിപ്പിക്കാനുള്ളത്, സ്വതന്ത്ര ജനതയുടെ ഐക്യം സംരക്ഷിക്കാനുള്ളത്. സഭ തന്നെ ദിവ്യകാരുണ്യ ഐക്യം വഴി ഒന്നിച്ചു നെയ്യപ്പെട്ട ഒരു നെറ്റുവർക്കാണ്. അവിടെ ഐക്യത്തിന്റെ അടിസ്ഥാനം ''ലൈക്ക്'' അല്ല പിന്നെയോ സത്യത്തിന്റെ ''**ആമ്മേൻ**'' ആണ്. അതുവഴി ഓരോ വ്യക്തിയും ക്രിസ്തുവിന്റെ ശരീരത്തോട് ഒട്ടിച്ചേരുകയും മറ്റുള്ളവർക്ക് സ്വാഗതമരുളുകയും ചെയ്യുന്നു.

**ഫ്രാൻസിസ് പാപ്പാ**



## Apostolic Exhortation
## Gaudete et Esultate of the Holy Father Francis on the call to Holiness in Today's world.
## ആനന്ദിച്ച് ആഹ്ലാദിക്കുവിൻ

**105.** അതുപോലെതന്നെ നമ്മുടെ പ്രാർത്ഥന സത്യസന്ധമോ എന്ന് വിവേച്ചിറിയുന്നതിനുള്ള ഏറ്റവും നല്ല മാർഗം കാരുണ്യത്തിന്റെ പ്രകാശത്തിൽ നമ്മുടെ ജീവിതം എന്തുമാത്രം രൂപാന്തരപ്പെട്ടു എന്ന് വിലയിരുത്തുന്നതാണ്. എന്തെന്നാൽ കാരുണ്യം എന്നത് സ്വാർഗസ്ഥനായ പിതാവിന്റെ ഒരു പ്രവൃത്തി മാത്രമല്ല.. അവിടുത്തെ യഥാർത്ഥ മക്കൾ ആരെന്ന്നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡവും കൂടിയാണ്.കാരുണ്യം ജീവിതത്തിന്റെ അടിത്തറ തന്നെയാണ്. കാരുണ്യം നീതിയും സമാധാനവും ഒഴിവാക്കുന്നില്ല എന്ന് ആവർത്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. വാസ്തവത്തിൽ കാരുണ്യം എന്നത് നീതിയുടെ പൂർണ്ണതയും ദൈവിക സത്യത്തിന്റെ ഏറ്റവും പ്രകാശപൂർണ്ണമായ പ്രകടനവും ആണ് എന്ന് പറയാം. ഇത് സ്വർഗത്തിന്റെ താക്കോലാണ്.

**106.** ഇവിടെ ഞാൻ വിശുദ്ധ തോമസ് അക്വിനാസിനെക്കുറിച്ച് ചിന്തിക്കുന്നു. അദ്ദേഹം ചോദിച്ചു നമ്മുടെ പ്രവൃത്തികളിൽ ഏതാണ് ഏറ്റവും മികച്ചത്, നമ്മുടെ ഏതു ബാഹ്യപ്രവൃത്തിയാണ് ദൈവത്തോടുള്ള നമ്മുടെ സ്നേഹം ഏറ്റവും പ്രകടമാക്കുന്നത് സംശയലേശമന്യേ, തോമസ് ഉത്തരവും നല്കി. നമ്മുടെ ആരാധന പ്രവൃത്തികളെക്കാൾ സഹോദരരോടുള്ള കാര്യണ്യ പ്രവൃത്തികളാണവ. നാം ബാഹ്യമായ ബലികളും കാഴ്ചകളും വഴി ദൈവത്തെ ആരാധിക്കുന്നത് അവിടുത്തേക്ക് വേണ്ടിയല്ല. നമുക്കും നമ്മുടെ അയൽക്കാരെനും വേണ്ടിയാണ്. അവിടുത്തേക്ക് നമ്മുടെ ബലികൾ ആവശ്യമില്ല . എങ്കിലും നമ്മുടെ അയൽക്കാരന പ്രയോജനപ്പെടുന്നതിനുവേണ്ടിയും നമ്മുടെ ഭക്തി ഉണർത്തപ്പെടുവാനുമായി അവ അർപ്പിക്കപ്പെടുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു. അതുകൊണ്ട് മറ്റുള്ളവരുടെ ന്യൂനതകളെ പരിഹരിക്കുന്നതിന് നാം കാണിക്കുന്ന കാരുണ്യം അതു നമ്മുടെ അയൽക്കാരന്റെ കേഷമത്തിന് നേരിട്ട് സഹായകമാകുന്നതിനാൽ അവിടുത്തേക്ക് കൂടുതൽ സ്വീകാര്യമാണ്.

107. തങ്ങളുടെ ജീവിതങ്ങളിലൂടെ ദൈവത്തെ മഹത്വപ്പെടുത്തണമെന്ന് സത്യമായും ആഗ്രഹിക്കുന്നവർ വിശുദ്ധിയിൽ വളരണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നവർ, തങ്ങളുടെ കാരുണ്യ പ്രവർത്തികളിൽ ലക്ഷ്യംവയ്ക്കുന്നവരും ഉറച്ചു നിൽക്കുന്നവരും ആകണം. കൊൽക്കത്തയിലെ വിശുദ്ധ തെരേസ ഇത് വ്യക്തമായി മനസ്സലാക്കി

ഉവ്വ്, എനിക്ക് നിരവധി മാനുഷിക കുറവുകളും വീഴ്ചകളുമുണ്ട് എന്നാൽ ദൈവം കനിവോടെ ഞങ്ങളെ ഉപയോഗിക്കുന്ന. എന്നെയും നിന്നെയും ഈ ലോകത്തിൽ അവിടുത്ത സ്നേഹവും അനുകമ്പയുമാക്കുവാൻ, അവിടുന്ന് നമ്മുടെ പാപങ്ങളും കഷ്ടപ്പാടുകളും വീഴ്ചകളും ഏറ്റെടുക്കുന്നു. ലോകത്തെ സ്നേഹിക്കുവാനും അതിനെ എത്ര മാത്രം സ്നേഹിക്കുന്നു എന്ന് കാണിക്കുവാനും അവിടുന്ന് നമ്മെ ആശ്രയിക്കുന്നു. നാം നമ്മുടെ കാര്യത്തിൽ മാത്രം വളരെയധികമായി ഉൽക്കണ്ഠയുല്ളവരായാൽ മറ്റുള്ളവർക്കായി ഒട്ടും സമയം ലഭിക്കുകയില്ല.

108. സന്തോഷം മാത്രമാണ് പരമോന്നത ജീവിത പ്രമാണം എന്ന ***ഹിഡോണിസവും*** ഉപഭോക്തൃ ഭാവവും നമ്മുടെ പതനത്തിന് കാണമായിത്തീരും. എന്തെന്നാൽ നാം നമ്മുടെ സന്തോഷത്താൽ മാത്രം നയിക്കപ്പെടുമ്പോൾ നമ്മുടെ കാര്യങ്ങളിലും അവകാശങ്ങളിലും മാത്രം വളരെയധികമായി തത്പരരാകും. സ്വയം സന്തോഷിക്കുവാനുള്ള സമയത്തിനായി മാത്രം നാം ആഗ്രഹിക്കുന്നവരാകും. നമ്മെ അസംതൃപ്തരും ശക്തിക്ഷയിച്ചവരും, എല്ലാം ഉടനെ സാധിക്കുന്നതിനായി ഉത്ക്കണ്ഠപ്പെടുന്നവരും ആകുന്ന ഉപഭോക്തൃ സമൂഹത്തിന്റെ ജ്വരബാധിച്ച ആഗ്രഹങ്ങളെ നിഹനിക്കുവാൻ വേണ്ട ഒരു ജീവിതലാളിത്യം വളർത്തിയെടുക്കുവാൻ നമുക്കായില്ലങ്കിൽ ദരിദ്രരോട് ആത്മാർത്ഥമായ കരുതൽ നമ്മിൽ ഉണ്ടാകുന്നതിനോ പ്രകടിപ്പിക്കുവാനോ നമുക്ക് ബുദ്ധിമുട്ടാകും. അതുപോലെ,നാം ഉപരിപ്ലവങ്ങളായ വിവരങ്ങളിലും ഉടനടിയുള്ള ആശയ വിനിമയത്തിലും നാമമാത്രമായ സത്യത്തിലും കുടുങ്ങുമ്പോൾ നാം നമ്മുടെ സമയം പാഴാക്കുന്നവരും നമ്മുടെ സഹോദരീ സഹോദരന്മാരുടെ ശാരീരിക വേദനകളോട് അനാസ്ഥയുള്ളവരും ആയിത്തീരും. എന്നവരികിലും പ്രവർത്തനങ്ങളുടെ ഈ ചുഴലിക്കാറ്റിനു മധ്യേയു, വ്യതൃസ്തവും കൂടുതൽ ആരോഗ്യകരവും ആനന്ദകരവുമായ ജീവിതം



വാഗ്ദാനം ചെയ്തുകൊണ്ട് സുവിശേഷം ശക്തമായി മുഴങ്ങുന്നത് തുടർന്നുകൊണ്ടേയിരിക്കുന്നു.

109. വിശുദ്ധരുടെ ശക്തമായ സാക്ഷ്യം സുവിശേഷ ഭാഗ്യങ്ങളാലും അന്ത്യവിധിയുടെ മാനദണ്ഡങ്ങളാലും പരിശീലിപ്പിക്കപ്പെട്ട തങ്ങളുടെ ജീവിതങ്ങളിലൂടെ അവർ വെളിപ്പെടുത്തുന്നു. എണ്ണത്തിൽ പരിമിതവും നേർവഴിക്കുള്ളതുമാണ് ,യോശുവിന്റെ വാക്കുകൾ എന്നുവരികിലും പ്രായോഗികവും എല്ലാവർക്കും വേണ്ടിയുള്ളതുമാണവ. എന്തെന്നാൽ ക്രൈസ്തവ വിശ്വാസം എല്ലാറ്റിനുമുപരി പരിശീലിക്കുവാൻ ഉദ്ദേശിച്ചുള്ളതു തന്നെയാണ്. അത് ധ്യാനത്തിനും മനനത്തിനും ഉപയോഗിക്കവുന്നതാണെങ്കിലും നമ്മുടെ അനുദിന ജീവിതത്തിൽ വിശുദ്ധ സുവിശേഷം കൂടുതൽ നന്നായി ജീവിക്കാൻ സഹായിക്കുന്നതിനാണത്. ഈ മഹനീയമായ ബൈബിൾ ഭാഗങ്ങൾ അടുക്കലുടുക്കൽ വീണ്ടും വീണ്ടും വായിക്കുവാനും അവയോട് ജീവിതത്തെ തുലനം ചെയ്തു നോക്കുവാനും പ്രാർത്ഥിക്കുവാനും അവയെ ഉൾക്കൊള്ളുവാനും ഞാൻ ശിപാർശ ചെയ്യുന്നു. അവ നമ്മെ യഥാർത്ഥമായി ആനന്ദമുള്ള വരാക്കിത്തീർക്കും.

## വിശ്വാസപരിശീലന രംഗം

*" ഞാൻ അവർക്കു വീണ്ടും ഐശ്വര്യം നൽകുകയും അവരുടെമേൽ കരുണ ചൊരിയുകയും ചെയ്യും "(ജറെ 33: 26)*

• വി.തോമ്മാശ്ലീഹായുടെ തിരുനാൾ ആശംസകൾ!!!

*''എന്റെ കർത്താവേ എന്റെ ദൈവമേ''* (യോഹ.20:29) ഉത്ഥിതൻ മറ്റ് ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ടു എന്ന് കേട്ടപ്പോൾ തോമസ് പറഞ്ഞു, ''അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല.'' അദ്ദേഹത്തിന്റെ വെല്ലുവിളി സ്വീകരിച്ച് യേശു അവന് പ്രത്യക്ഷപ്പെട്ടു. ആ വിശ്വാസത്തിന്റെ നിറവിൽനിന്നാണ് ഈ പ്രാർത്ഥന ഉയർന്നത്. *''എന്റെ കർത്താവേ എന്റെ ദൈവമേ''* ഒരു സാധാരണ മനുഷ്യനിൽ നിന്ന് ക്രിസ്തു ശിഷ്യനിലേക്കുള്ള പ്രയാണം. ഒരു മീൻ പിടുത്തകാരനിൽ നിന്ന് അപ്പസ്തോല സ്ഥാനത്തേക്കു വിളിക്കപ്പെട്ടവനാണ് തോമ്മാ. വി. തോമശ്ലീഹായുടെ ഈശോയോടുള്ള സ്നേഹവും ധീരതയും നമ്മെ ചിന്തിപ്പിക്കുകയും പ്രചോതിപ്പിക്കുകയും ചെയ്യട്ടെ. ഭാരത അപ്പസ്തോലനായ വി. തോമ്മാശ്ലീഹായുടെ മാധ്യസ്ഥം നമ്മുക്ക് തേടാം.

• **ആമുഖ സെമിനാർ:**

ജൂൺ 23-ാം തീയതി നമ്മുടെ രൂപതയിൽ വിശ്വാസപരിശീലന രംഗത്തേക്ക് പുതുതായി കടന്നുവന്ന അദ്ധ്യാപകരുടെ ആമുഖ സെമിനാർ നടത്തപ്പെട്ടു. ബഹു. ജോസഫ് മറ്റത്തിൽ അച്ചൻ ദിവ്യ ബലിയർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് വർഗ്ഗീസ് കഴുതാടിയിൽ സാറും ജോണി കോച്ചുചെറുനിലം സാറും ക്ലാസുകൾക്ക് നേതൃത്വം നല്കി. വിവിധ ഇടവകകളിൽനിന്ന് 40 അദ്ധ്യാപകർ പങ്കെടുത്തു. നിങ്ങളോരോർത്തർക്കും ദൈവനുഗ്രഹം നിറഞ്ഞ ഒരു നല്ല അദ്ധ്യയന വർഷം ആശംസിക്കുന്നു. പ്രവർത്തന മേഖലകളിൽ കൂടുതൽ ഊർജ്ജസ്വലതയോടെ വ്യാപരിക്കുവാൻ നല്ല ദൈവം നിങ്ങളെ അനുഗ്രഹിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യട്ടെയെന്ന് പ്രാർത്ഥിക്കുന്നു.



**ജ്ഞാന സന്ദേശ ബൈബിൾ ക്വിസ് 2019**

പഠന വിഷയം ഉത്പതി പുസ്തകം

**4 ാം ക്ലാസ് മുതൽ 7ാം ക്ലാസുവരെയുള്ള കുട്ടികൾക്ക് 1 മുതൽ 25 വരെയുള്ള അദ്ധ്യായങ്ങൾ. 8 ാം ക്ലാസ് മുതൽ മുതിർന്നവർ വരെ 1 മുതൽ 50 അദ്ധ്യായങ്ങൾ.**

• S.S.L.C , P.U.C Top Scorers

20118 –19 അദ്ധ്യയന വർഷത്തിൽ S.S.L.C , P.U.C കളിൽ 95%വും അതിൽ കൂടുതലും മാർക്ക് ലഭിച്ച കുട്ടികളുടെ മാർക്ക് ലിസ്റ്റും പേരും വീട്ട് പേരും ഫോൺ നംബറും വികാരി അച്ചന്റെ ഒപ്പോടുകൂടെ ഓഗസ്റ്റ് 15ന് മുൻപായി രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**വചന ഡയറി:**

• 2018 –19 വർഷത്തെ വചന ഡയറി മത്സരത്തിൽ ഇടവക തലത്തിൽ പങ്കെടുത്ത് ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയ രണ്ടു ഡയറികൾ ഓഗസ്റ്റ് 15 ന് മുമ്പ് രൂപത കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

• **മിഷൻലീഗ് വൈസ് ഡയറക്ടേഴ്സിന്റെയും തിരുബാലസഖ്യ പ്രൊമോറ്റേഴ്സിന്റെയും സമ്മേളനം:**

മിഷൻലീഗ് വൈസ് ഡയറക്ടേഴ്സിന്റെയും തിരുബാലസഖ്യ പ്രൊമോറ്റേഴ്സിന്റെയും സമ്മേളനം 2019 ജൂൺ 22 ാം തിയതി രാവിലെ 10. 00 മണി മുതൽ 1.30 വരെ ജ്ഞാനനിലയത്തിൽ വച്ച് നടത്തപ്പെട്ടു. 90 അംഗങ്ങൾ പങ്കെടുത്തു. അഭി. ലോറൻസ് പിതാവ് ഈ സമ്മേളനം ഉദ്ഘാടനം ചെയ്തു. നന്മകൾ മാത്രം ചെയ്യുന്ന പ്രകാശത്തിന്റെ ഒരു പറ്റം മക്കളാണ് മിഷൻലീഗ് അംഗങ്ങൾ. സ്നേഹം, ത്യാഗം, സേവനം, സഹനം എന്നീ പുണ്യങ്ങൾ ക്രൈസ്തവീകതയുടെ അന്തസത്തയാണന്ന് അഭി. പിതാവ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. നമ്മൾ കർണ്ണാടകയിൽ വസിക്കുന്നതുകൊണ്ട് എല്ലാവരും കന്നട സംസാരിക്കണമെന്ന് പിതാവ് ആവശ്യപ്പെടുകയുണ്ടായി. ഈ വർഷത്തെ രൂപതാ മിഷൻലീഗ് മത്സരത്തിൽ കന്നട ബൈബിൾ സ്കിറ്റ് ഉണ്ടാകണമെന്ന് പിതാവ് പറഞ്ഞു. അതിന് ശേഷം മിഷൻലീഗ് സംഘടനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വർഗ്ഗീസ് കഴുതാടിയിൽ സാറും തിരു

ബാലസഖ്യ പ്രൊമോറ്റേഴ്സിനു ജോണി കോച്ചുചെറുനിലം സാറും, സി. ബിൻസി മാത്യുവും ക്ലാസുകൾക്ക് നേതൃത്വം നൽകി.

**വിശ്വാസ പരിശീലന അദ്ധ്യാപകരുടെ ഫൊറോന സെമിനാറുകൾ 9.00 മണിക്ക് കുർബാനയോടുകൂടെ ആരംഭിച്ച് 4.00 മണിക്ക് സമാപിക്കുന്നതാണ്.**

July 21 - Belthangady Forane

August 11 - Udane Forane

## ചെറുപുഷ്പ മിഷൻലീഗ്

- **അനുസ്മരിക്കുന്ന തിരുനാൾ**

വി. തോമസ് (ജൂലൈ 3)

വി. അൽഫോൻസ (ജൂലൈ 16)

- **പ്രാർത്ഥനാ നിയോഗം :**

നല്ല കാലാവസ്ഥയും വിളവുകളും ഉണ്ടാകുന്നതിനുവേണ്ടി .

- **പ്രവർത്തനം.**

### "പ്രേഷിതവര്യൻ തോമ്മാശ്ലീഹാ"

- വി. തോമ്മാശ്ലീഹയുടെ പ്രേഷിതചൈതന്യം കുട്ടികളിൽ വളർത്തുവാൻ സഹായിക്കുന്ന രചനാ മത്സരം, കലാ മത്സരം, ക്വിസ് മത്സരം എന്നിവ നടത്തുക.

- തോമ്മാശ്ലീഹയുടെ തിരുനാളിനോടുനുബന്ധിച്ച് നിങ്ങൾക്കു ഏറ്റവും അടുത്തു പരിചയമുള്ള അക്രൈസ്തവ കൂട്ടുകാർക്കു മധുരം പങ്കുവയ്ക്കുകയും തോമ്മാശ്ലീഹായെക്കുറിച്ചും ഈശോയെക്കുറിച്ചും അവരോടു പറയുകയും ചെയ്യുക.

- **സുകൃതജപം**

ഈശോയെ എന്റെമേലും ലോകംമുഴുവന്റെ മേലും കരുണയായിരിക്കണമേ.

- **വചനം**

തോമസ് പറഞ്ഞു: എന്റെ കർത്താവേ എന്റെ ദൈവമേ (യോഹ 20: 28)



## Karnataka State Level CML Bible Kaloltsavam - 2019

ജൂൺ 22 ാം തിയതി നടന്ന മിഷൻലീഗ് വൈസ് ഡയറക്റ്റേഴ്സിന്റെയും ആനിമേറ്റേഴ്സിന്റെയും മീറ്റിങ്ങിൽനിന്നും ലഭിച്ച അഭിപ്രായങ്ങളുടെ വെളിച്ചത്തിലും അഭി. പിതാവിന്റെ പ്രത്യേക നിർദ്ധേശമനുസരിച്ചും സി.എം.എൽ. ബൈബിൾ കലോത്സവത്തിന്റെ പരിഷ്കരിച്ച മത്സര നിബന്ധനകൾ:

### മത്സര ഇനങ്ങൾ

**ജൂനിയേഴ്സ് (Individual)**

1. നാടോടി നൃത്തം
2. പ്രസംഗം
3. സോളോ

**സീനീയേഴ്സ് (Individual)**

1. നാടോടി നൃത്തം
2. പ്രസംഗം
3. സോളോ

**സമൂഹ മത്സരം (Juniors &Seniors)**

1. ഗ്രൂപ്പ് സോംഗ്
2. ബൈബിൾ ക്വിസ്

**മത്സര നിബന്ധനകൾ:**

1. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരുമിച്ചായിരിക്കും മത്സരങ്ങൾ നടത്തപ്പെടുക - അതായത് Boys, Girls എന്നീ വിഭാഗങ്ങൾ ഉണ്ടായിരിക്കുകയില്ല.
2. **ജൂനിയേഴ്സ്** (നാല് മുതൽ ഏഴ് ക്ലാസ് വരെ) **സീനിയേഴ്സ്** (8 മുതൽ 12 ക്ലാസ് വരെ) എന്നീ രണ്ടു വിഭാഗങ്ങൾ ഉണ്ടായിരിക്കും.
3. 2019-20 അദ്ധ്യയന വർഷത്തിൽ മിഷൻലീഗിന്റെ അംഗങ്ങളായിട്ടുള്ളവർക്ക് മാത്രമേ ഈ മത്സരങ്ങളിൽ പങ്കെടുക്കുവാൻ അർഹതയുള്ളു. രൂപതയിൽ നൽകിയിരിക്കുന്ന 2019-20 -ലെ സി. എം. എൽ. അംഗങ്ങളുടെ ലിസ്റ്റിൽ പേരുണ്ടായിരിക്കണം.
4. എല്ലാ മത്സരങ്ങളുടെയും കഥാ വസ്തു ക്രിസ്തീയ സന്ദേശം ഉൾക്കൊള്ളുന്നതായിരിക്കണം. 5. മത്സരങ്ങളുടെ ഭാഷ: കന്നട, മലയാളം, ഇംഗ്ലീഷ്.

6. വ്യക്തിഗത മത്സരങ്ങളിൽ ഫൊറോന തലത്തിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ചവരും സമൂഹ മത്സരങ്ങളിൽ ഫൊറോന തലത്തിൽ ഓന്നാം സ്ഥാനം ലഭിച്ചവരും ആയിരിക്കും രൂപതാതലത്തിൽ മത്സരിക്കാൻ അർഹരായവർ.

7. രൂപതാതലത്തിൽ വ്യക്തിഗത മത്സരങ്ങളിലും സമൂഹ മത്സരങ്ങളിലും ഒന്നും രണ്ടും സ്ഥാനം ലഭിച്ചവരാണ് സംസ്ഥാന തലത്തിൽ മത്സരിക്കാൻ അർഹരായവർ. ഒരു ഇനത്തിനു രണ്ടു റ്റീമുകൾക്കു മാത്രമേ മത്സരിക്കാൻ അവസരമുള്ളു. (ഒരു ഇനത്തിനു രണ്ടു ഫസ്റ്റ് അഥവാ രണ്ട് സെക്കൻ്റ വന്നാൽ രണ്ടു റ്റീമ് മാത്രം മത്സരിക്കുക)

8. സിംഗിൾ ഡാൻസിനു മാത്രം സൗണ്ട് സിസ്റ്റം നൽകുന്നതായിരിക്കും. മറ്റു മത്സര ഇനങ്ങൾക്കൊന്നും സൗണ്ട് സിസ്റ്റം നൽകുന്നതല്ല.

9. മത്സരങ്ങൾ നടത്തേണ്ട തീയതികൾ

ഇടവക തലത്തിൽ - ജൂലൈ മാസത്തിനുള്ളിൽ
ഫൊറോന തലത്തിൽ - ഓഗസ്റ്റ് മാസത്തിനുള്ളിൽ
രൂപതാ തലത്തിൽ - സെപ്റ്റംബർ മാസത്തിനുള്ളിൽ

**കർനാടക സംസ്ഥാന തലം – ഒക്ടോബർ 28 അഥവാ 29 നായിരിക്കും**

10. ഓഗസ്റ്റ് 31 നുള്ളിൽ ഫൊറോന തലത്തിൽ വിജയികളായവരുടെ പേരുവിവരങ്ങൾ രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

11. സെപ്റ്റംബർ 30 നുള്ളിൽ രൂപതാതലത്തിൽ വിജയികളായവരുടെ പേരുവിവരങ്ങൾ അതാത് രൂപതകളിലെ സംസ്ഥാന ഭാരവാഹികളെ ഏൽപ്പിക്കേണ്ടതാണ്.

## ഓരോ ഇനങ്ങൾക്കുമുള്ള നിബന്ധനകൾ

1. **നാടോടി നൃത്തം:**

* പാട്ട് ക്രിസ്തീയ ഭക്തിഗാനമായിരിക്കണം. നാടോടി പാട്ട് ആയിരിക്കണം.
* ഫ്യൂഷൻ പാട്ട് പാടില്ല.
* ഡാൻസ് മുഴുവനായും നാടോടിനൃത്തമായിരിക്കണം വേഷം (Costume) നാടോടിനൃത്തതിനു അനുയോജ്യമായിരിക്കണം.
* പ്രോപ്പർട്ടി ഉപയോഗിക്കാം
* സമയം: 7 മിനിറ്റ്
* നാടോടി നൃത്തത്തിൻ്റെ പാട്ട് എം.പി.3 (MP3) ഫോർമാറ്റിൽ



ഒരു സി.ഡി.യിലോ പെൻഡ്രൈവിലോ ആക്കി മത്സരത്തിനു മുമ്പ് കൗണ്ടറിൽ ഏൽപ്പിക്കേണ്ടതാണ്. ഒരു സി.ഡി.യിൽ / പെൻഡ്രൈവിൽ ആ ഒരു പാട്ട് മാത്രമേ ഉണ്ടാകാവു.

2. **സോളോ**

* ക്രിസ്തീയ ഭക്തിഗാനമായിരിക്കണം
* ഫ്യൂഷൻ പാട്ട് പാടില്ല.
* സമയം: 5 മിനിറ്റ്
* ട്രാക്ക് അഥവാ പിന്നണി സംഗീതം ഉപയോഗിക്കാൻ പാടില്ല.

3. **പ്രസംഗം:**

**വിഷയം: ജൂനിയേഴ്സ്:** "ഭാരതമേ നിൻ രക്ഷ നിൻ മക്കളിൽ."

**സീനിയേഴ്സ്:** മൂന്നു വിഷയങ്ങളാണുള്ളത്.

1. മിഷൻലീഗിലൂടെ യേശുവിൻ്റെ സാക്ഷികളാകാൻ."
2. "ഭാരതമേ നിൻ രക്ഷ നിൻ മക്കളിൽ."
3. "മിഷൻലീഗും ദൈവവിളിയം."

* ഓരോ മത്സരാർത്ഥിയും തൻ്റെ പ്രസംഗത്തിനു 5 മിനിറ്റ് മുമ്പ് ഈ മൂന്നു വിഷയങ്ങളിൽ നിന്നും നറുക്കിട്ട് തനിക്കു ലഭിക്കുന്ന ഒരു വിഷയത്തെക്കുറിച്ചാണ് പ്രസംഗിക്കേണ്ടത്.

*സമയം: 5 മിനിറ്റ്.

4. **ഗ്രൂപ്പ് സോംഗ്:**

* ക്രിസ്തീയ ഭക്തിഗാനമായിരിക്കണം.
* ഫ്യൂഷൻ പാട്ട് ആകാം.
* അംഗങ്ങൾ 5 മുതൽ 7 പേർ വരെ.
* ട്രാക്ക് അഥവാ പിന്നണി സംഗീതം ഉപയോഗിക്കാൻ പാടില്ല
* സമയം: 7 മിനിറ്റ്

5. **ബൈബിൾ ക്വിസ്:**

* അംഗങ്ങൾ. 3 പേർ
* **വിഷയം:** മർക്കോസ് എഴുതിയ സുവിശേഷം:
  അദ്ധ്യായങ്ങൾ– 1, 3, 6, 12, 13, 15, 16.
  അപ്പസ്തോല പ്രവർത്തനങ്ങൾ:
  അദ്ധ്യായങ്ങൾ – 2, 3, 4, 5 , 7, 8, 9, 10, 11, 12, 13.
* എഴുത്ത് പരീക്ഷയായിരിക്കും.
* സമയം: ഒരു മണിക്കൂർ.

ഇടവക, ഫൊറോന, രൂപത തലത്തിൽ മാത്രം ബൈബിൾ സ്കിറ്റ് ഉണ്ടായിരിക്കും. സംസ്ഥാന തലത്തിൽ ബൈബിൾ സ്കിറ്റ് ഉണ്ടായിരിക്കുന്നതല്ല.

**ബൈബിൾ സ്കിറ്റ് നിബന്ധനകൾ:**

* കഥാവസ്തു ബൈബിളിൽനിന്നുമായിരിക്കണം (പഴയ നിയമം, പുതിയ നിയമം)
* അംഗങ്ങൾ - 5 മുതൽ 12 പേർ
* സമയം - സ്റ്റേജ് ഒരുക്കുന്നതുൾപ്പടെ 12 മിനിറ്റ്
* പിന്നണി സംഗീതം ഉപയോഗിക്കാം
* മൽസരിക്കുന്ന അംഗങ്ങൾക്കല്ലാതെ മറ്റാർക്കും സ്റ്റേജിലോ പിന്നണിയിലോ പ്രവർത്തിക്കാൻ അനുവാതമില്ല.
* ആവശ്യമുള്ള സംഗീതോപകരണങ്ങളോ, സാധനങ്ങളോ കൊണ്ടുവന്നു ഉപയോഗിക്കാം.
* ഭാഷ നിർബന്ധമായും കന്നഡ മാത്രം ആയിരിക്കണം. ഇതര ഭാഷകൾ ഉപയോഗിക്കാൻ പാടില്ല.
* ഫൊറോനാ തലത്തിൽ ഒന്നാം സ്ഥാനം നേടിയ ബൈബിൾ സ്കിറ്റ് ആയിരിക്കും രൂപതാ തലത്തിൽ മൽസരിക്കുന്നത്.

## തിരുബാലസഖ്യം

- **അനുസ്മരിക്കുന്ന തിരുനാൾ**

  പരി. കർമ്മലമാതാവ് (ജൂലൈ 16)

  വി. ജോവക്കിം, അന്ന (ജൂലൈ 26)
- **പ്രാർത്ഥനാ നിയോഗം:**

  എല്ലാ രോഗികൾക്കുംവേണ്ടി പ്രാർത്ഥിക്കുക.
- **സുകൃതജപം:**

  ഈശോയേ അങ്ങെ നന്മയിൽ എന്നെയും വളർത്തണമേ.
- വചനം:

  ഉണരുമ്പോൾ ഞാൻ അങ്ങയുടെ കൂടെ ആയിരിക്കും. (സങ്കീ 139:18)

**ഫാ. ജോസഫ് മറ്റം**

രൂപതാ വിശ്വാസപരിശീലന ഡയറക്ടർ



## ಸಮಾಜ ಸೇವಾ ವಿಭಾಗ

**ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮ**

ಮಿಸರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್. ಡಿ.ಎಸ್.ಸಂಸ್ಥೆಯ ಮುಖಾಂತರ ಬೆಳ್ತಂಗಡಿ ಹಾಗೂ ಪುತ್ತೂರು ತಾಲೂಕುಗಳ ಆಯ್ದ 30 ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 123 ಮಹಿಳಾ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು,ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಇವೆ. ಒಟ್ಟು 1411 ಮಂದಿ ಸದಸ್ಯರು ಕಾರ್ಯನಿರ್ವಹಿಸುತ್ತಿದ್ದಾರೆ.

ದಿನಾಂಕ 15.5.2019ರಂದು ದೇವಗಿರಿಯಲ್ಲಿ ಸಂಘದ ಸದಸ್ಯರಿಗೆ ಸರ್ಕಾರಿ ಸೌಲಭ್ಯಗಳ ಕುರಿತು ತರಬೇತಿಯನ್ನು ಚರ್ಚ್ ಸಭಾಂಗಣದಲ್ಲಿ ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಕಾರ್ಯಕರ್ತರಾದ ಶ್ರೀ ಜಾನ್ಸನ್ ಇವರು ಆರೋಗ್ಯ ಕರ್ನಾಟಕ, ಆಯುಷ್ಮಾನ್ ಭಾರತ ಮತ್ತು ವಾಜಪೇಯಿ ವಿಮಾ ಯೋಜನೆಯ ಕುರಿತು ಮಾಹಿತಿ ನೀಡಿದರು.

27.5.2019ರಂದು ಉಳಿಪುವಿನಲ್ಲಿ ಸಂಘದ ಸದಸ್ಯರಿಗೆ ಸಾವಯವ ಕೃಷಿ ಮತ್ತು ಅದರ ಮಹತ್ವದ ಕುರಿತು ತರಭೇತಿಯನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಕಾರ್ಯಕರ್ತರಾದ ಶ್ರೀಮತಿ ಸುಶೀಲ ಇವರು ಮಾಹಿತಿ ನೀಡಿದರು. ಮಹಿಳ ಸಬಲೀಕರಣ ಯೋಜನೆಯ ಸಂಯೋಜಕಿ ಕು.ಶುಭಾ ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ28.5.2019ರಂದು ಸರ್ವಶ್ರೀ ಮಹಾಸಂಘ ಕಳೆಂಜ ಇದರ ಸದಸ್ಯರಿಗೆ ಮಳೆ ನೀರಿನ ಸಂಗ್ರಹಣೆ ಮತ್ತು ಸಂರಕ್ಷಣೆಯ ಮಹತ್ವದ ಕುರಿತು ತರಬೇತಿ ಕಾರ್ಯಕ್ರಮವನ್ನು ಕಾಯರ್ತಡ್ಕ ಚರ್ಚ್ ಹಾಲ್‌ನಲ್ಲಿ ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಸಂಯೋಜಕರಾದ ಶ್ರೀ ಸುನೀಲ್ ಇವರು ಮಾಹಿತಿ ನೀಡಿದರು. ಕಾರ್ಯಕರ್ತರಾದ ಶ್ರೀ ಮಾರ್ಕ್ ಡಿಸೋಜ ಇವರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 29.5.2019ರಂದು ಬಾಗ್ಯೋದಯ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಸಾಂಕ್ರಾಮಿಕ ಮತ್ತು ಅಸಾಂಕ್ರಾಮಿಕ ರೋಗಗಳ ಕುರಿತು ತರಬೇತಿ ಕಾರ್ಯಕ್ರಮವನ್ನು ನೆಟ್ಟಣ ಚರ್ಚ್ ಹಾಲ್‌ನಲ್ಲಿ ಹಮ್ಮಿಕೊಳ್ಳಲಾಯಿತು.

ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಯಾಗಿ ಆಗಮಿಸಿದ ಆರೋಗ್ಯ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಮಾಲತಿ ಇವರು ರೋಗಗಳ ಲಕ್ಷಣ, ಹರಡುವಿಕ ಮತ್ತು ತಡೆಗಟ್ಟುವ ವಿಧಾನದ ಕುರಿತು ಮಾಹಿತಿಯನ್ನು ನೀಡಿದರು. ವೇದಿಕೆಯಲ್ಲಿ ಆಶಾ ಕಾರ್ಯಕರ್ತರಾದ ಶ್ರೀಮತಿ ಸ್ವಪ್ನಾ ಮತ್ತು ದಿವ್ಯ ಉಪಸ್ಥಿತರಿದ್ದರು. ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆಯ ಸಂಯೋಜಕಿ ಕು.ಶುಭ ಪಾಸ್ತಾವಿಸಿದರು.ಕಾರ್ಯಕರ್ತರಾದ ಶ್ರೀಮತಿ ಸುಶೀಲ ಇವರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 30.5.2019ರಂದು ನೆಲ್ಯಾಡಿಇಯಲ್ಲಿ ಸಂಘದ ಸದಸ್ಯರಿಗೆ ಆಪ್ತಸಮಾಲೋಚನೆ ಮತ್ತು ಸಂವಹನ ಕೌಶಲ್ಯದ ಕುರಿತು ತರಭೇತಿ ಕಾರ್ಯಕ್ರಮವನ್ನು ಹಮ್ಮಿಕೊಳ್ಳಳಯಿತು. ಯೋಜನೆಯ ಸಂಯೋಜಕಿ ಕು.ಶುಭಾ ಮಾಹಿತಿ ನೀಡಿದರು. ಕಾರ್ಯಕರ್ತರಾದ ಶ್ರೀಮತಿ ಎಲ್ಸಿ ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 31.5.2019ಂದು ಇಂದಬೆಟುವಿನಲ್ಲಿ ಸಂಘದ ಸದಸ್ಯರಿಗೆ ವಿವಿಧ ಕಾಯ್ದೆಗಳ ಕುರಿತು ತರಭೇತಿಯನ್ನು ಗ್ರಾಮ ಪಂಚಾಯತ್ ಸಭಾಂಗಣದಲ್ಲಿ ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಸಂಪನ್ಮೂಲವ್ಯಕ್ತಿಯಾಗಿ ಆಗಮಿಸಿದ ಶಿಕ್ಷಣ ಸಂಪನ್ಮೂ ಕೇಂದ್ರದ ಸಂಯೋಜಕರಾದ ಶ್ರೀ. ಶ್ರೀದರ ರಾವ್ಇವರು ಆರ್.ಟಿ.ಐ, ಆರ್.ಟಿ.ಇ ಮತ್ತು ಎಸ್.ಡಿ.ಎಂ.ಸಿ ಸದಸ್ಯರ ಪಾತ್ರ ಮತ್ತು ಜವಬ್ದಾರಿಯ ಕುರಿತು ಮಾಹಿತಿಯನ್ನು ನೀಡಿದರು. ಕಾರ್ಯಕರ್ತರಾದ ಮಾರ್ಕ್ ಡಿಸೋಜ ಇವರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 2.6.2019ರಂದು ಅಕ್ಷಯ ಮಹಾಸಂಘ ಶಿರಾಡಿ, ಇಂಡಿಯನ್ ಕ್ಯಾನ್ಸರ್ ಸೊಸೈಟಿ ಮಂಗಳೂರು, ಎ.ಜೆ.ಆಸ್ಪತ್ರೆ ಮಂಗಳೂರು, ಹಾಗೂ ವಿವಿಧ ಸಂಘಟನೆಗಳ ಸಹಭಾಗಿತ್ವದಲ್ಲಿ ವಿಶ್ವ ತಂಬಾಕು ವಿರೋದಿ ದಿನದ ಅಂಗವಾಗಿ ಕ್ಯಾನ್ಸರ್ ತಪಾಸಣಾ ಶಿಬಿರವನ್ನು ಅಡ್ಡಹೊಳೆ ಸ.ಹಿ.ಪ್ರಾ.ಶಾಲೆಯಲ್ಲಿ ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಸಭಾ ಅಧ್ಯಕ್ಷತೆಯನ್ನು ಶಿರಾಡಿ ಗ್ರಾಮ ಪಂಚಾಯತ್‌ನ ಉಪಾಧ್ಯಕ್ಷರಾದ ಶ್ರೀಮತಿ ಬಿಂದು ಶಶಿದರ ಇವರು ವಹಿಸಿದರು. ತಾಲೂಕು ಪಂಚಾಯತ್ ಸದಸ್ಯರಾದ ಶ್ರೀಮತಿ ಆಶಾ ಲಕ್ಷ್ಮಣ್ ಇವರು ಕಾರ್ಯಕ್ರಮ ಉದ್ಘಾಟಿಸಿದರು. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ। ಸ್ವಾ ಬಿನೋಯಿ ಎ.ಜೆ. ಗ್ರಾಮ ಪಂಚಾಯತ್ ಸದಸ್ಯರಾದ ಶ್ರೀಮತಿ ರಮಣಿ, ಮಹಾಸಂಘದ ಅಧ್ಯಕ್ಷರಾದ ಶ್ರೀಮತಿ ಬಿಂದು ವೇದಿಕೆಯಲ್ಲಿ ಉಪಸ್ಥಿತರಿದ್ದರು. ಎ.ಜೆ. ಆಸ್ಪತ್ರೆಯ ಶಿಬಿರ ಸಂಯೋಜಕರಾದ ಶ್ರೀ ದಿಲೀಪ್ ಇವರು ಕ್ಯಾನ್ಸರ್ ರೋಗದ ಕುರಿತು ಮಾಹಿತಿ ನೀಡಿದರು. ಸಬಾ ಕಾರ್ಯಕ್ರಮದ ನಂತರ ಸ್ತನ ಮತ್ತು ಗರ್ಭಕೋಶ ಹಾಗೂ ಬಾಯಿಯ ತಪಾಸಣೆ ಮಾಡಲಾಯಿತು. 70 ಸದಸ್ಯರು ತಪಾಸಣೆಯನ್ನು ಮಾಡಿಸಿದ್ದಾರೆ.

ದಿನಾಂಕ 5.6.2019ರಂದು ವಿಶ್ವ ಪರಿಸರ ದಿನದ ಅಂಗವಾಗಿ ಸ್ನೇಹಜ್ಯೋತಿ ಮಹಿಳಾ ತಾಲೂಕು ಒಕ್ಕೂಟ ಮತ್ತು ಕಿರಣ್ ಮಹಿಳಾ ಒಕ್ಕೂಟದ ಮೂಲಕ ಸಂಘದ ಸದಸ್ಯರು ತೋಟಗಾರಿಕಾ ಇಲಾಖೆ ಬೆಳ್ತಂಗಡಿಗೆ ಭೇಟಿ ನಿಡಿ ಇಲಾಖಾ ಸೌಲಭ್ಯದ ಕುರಿತು ಮಾಹಿತಿಯನ್ನು ಪಡೆದರು ಮತ್ತು 5 ಬಗೆಯ ತರಕಾರಿ ಬೀಜ ಮತ್ತು ಸಸಿಗಳನ್ನು ಪಡೆದರು. ಯೋಜನೆಯ ಸಂಯೋಜಕಿ ಮತ್ತು ಕಾರ್ಯಕರ್ತರು ಉಪಸ್ಥಿತರಿದ್ದರು.



ದಿನಾಂಕ 14.6.2019ರಂದು ಜೀವಜ್ಯೋತಿ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಮಳೆ ನೀರು ಕೊಯ್ಲಿನ ಕುರಿತು ತರಭೇತಿ ಕಾರ್ಯಕ್ರಮವನ್ನು ಕುಟ್ರುಪಾಡಿ ಚರ್ಚ್‌ಹಾಲ್‌ನಲ್ಲಿ ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಸ್ಥಳೀಯ ಚರ್ಚ್‌ನ ಧರ್ಮಗುರುಗಳಾದ ವಂ।ಫಾ।ಜೋಸ್ ಆಯಾಂಕುಡಿ ಇವರು ಗಿಡಕ್ಕೆ ನೀರು ಎರೆಯುವುದರ ಮೂಲಕ ಕಾರ್ಯಕ್ರಮ ಉದ್ಘಾಟಿಸಿದರು. ಮಹಾಸಂಘದ ಅಧ್ಯಕ್ಷೆ ಲೂಸಿ ಇವರು ಸಭಾ ಅಧ್ಯಕ್ಷತೆ ವಹಿಸಿದರು. ಮಹಿಳಾಸಬಲೀಕರಣ ಯೋಜನೆಯ ಸಂಯೋಜಕಿ ಕು.ಶುಭಾ ಪ್ರಾಸ್ತಾವಿಸಿದರು. ಸಂಪನ್ಮೂಲವ್ಯಕ್ತಿಯಾಗಿ ಆಗಮಿಸಿದ ಶ್ರೀ.ಬೆಟ್ಟಿ ಗುತ್ತಿಗಾರು ಇವರು ಮಳೆ ನೀರಿನ ಸಂಗ್ರಹ ಮಹತ್ವ ಮತ್ತು ಬಾವಿ ಮತ್ತು ಕೊಳವೆ ಬಾವಿಗೆ ನೀರು ಮುರುಪೂರಣ ಮಾಡುವ ವಿದಾದ ಕುರಿತು ವಿವರಿಸಿದರು.

ದಿನಾಂಕ 15.6.2019ರಂದು ಸ್ನೇಹಜ್ಯೋತಿ ಒಕ್ಕೂಟದ ಮತ್ತು ಶಿಕ್ಷಣ ಸಂಪನ್ಮೂಲ ಕೇಂದ್ರ ಇದರ ವತಿಯಿಂದೊಕ್ಕೂಟದ ಸದಸ್ಯರಿಗೆ ಮಹಿಳಾದೌರ್ಜನ್ಯ ತಡೆಕಾಯ್ದೆ ಮತ್ತು ಪೋಕ್ಸೋ ಕಾಯ್ದೆ ಕುರಿತು ತರಭೇತಿ ಕಾರ್ಯಕ್ರಮವನ್ನು ಮರಕಡ ಶಾಲೆಯಲ್ಲಿ ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಸಭಾದ್ಯಕ್ಷತೆಯನ್ನು ಶ್ರೀಮತಿ ಉಷಾ ಸ.ಪ್ರೌ.ಶಾಲೆ ಮರಕಡ ಇವರು ವಹಿಸಿದರು. ಶಿಕ್ಷಣ ಸಂಪನ್ಮೂಲ ಕೇಂದ್ರ ಬೆಳ್ತಂಗಡಿ ಘಟಕದ ಅದ್ಯಕ್ಷರಾದ ಶ್ರೀ. ಶ್ರೀದರ ರಾವ್ ಇವರು ಕಾರ್ಯಕ್ರಮ ಉದ್ಘಾಟಿಸಿದರು. ವೇದಿಕೆಯಲ್ಲಿ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ।ಫಾ।ಬಿನೋಯಿ ಎ.ಜೆ , ಮಹಾಸಂಘದದ್ಯಕ್ಷೆ ಶ್ರೀಮತಿ ಶೀಲಾ ಮಾಥ್ಯು ಉಪಸ್ಥಿತರಿದ್ದರು. ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಯಾಗಿ ಆಗಮಿಸಿದ ಶ್ರೀಮತಿ ಸ್ವರ್ಣಲತಾ ವಕೀಲರು ಬೆಳ್ತಂಗಡಿ ಇವರು ಘಟಕದ ಅದ್ಯಕ್ಷರಾದ ಶ್ರೀ. ಶ್ರೀದರ ರಾವ್ ಇವರು ಕಾರ್ಯಕ್ರಮ ಉದ್ಘಾಟಿಸಿದರು. ವೇದಿಕೆಯಲ್ಲಿ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ। ಫಾ। ಬಿನೋಯಿ ಎ.ಜೆ, ಮಹಾಸಂಘದದ್ಯಕ್ಷೆ ಶ್ರೀಮತಿ ಶೀಲಾ ಮಾಥ್ಯು ಉಪಸ್ಥಿತರಿದ್ದರು. ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಯಾಗಿ ಆಗಮಿಸಿದ ಶ್ರೀಮತಿ ಸ್ವರ್ಣಲತಾ ವಕೀಲರು ಬೆಳ್ತಂಗಡಿ ಇವರು ಮಹಿಳಾ ದೌರ್ಜನ್ಯ ತಡೆ ಕಾಯ್ದೆ ಮತ್ತು ಪೋಕ್ಸೋ ಕಾಯ್ದೆ ಕುರಿತು ಮಾಹಿತಿ ನೀಡಿದರು.

**ಸಮೃದ್ದಿ ಯೋಜನೆ:**

ಈ ಯೋಜನೆಯು ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ನೇತೃತ್ವದಲ್ಲಿ ಸ್ವ ಸಹಾಯ ಸಂಘದ ಮಹಿಳೆಯರಿಗೆ ಆದಾಯೋತ್ಪನ್ನ ಕಾರ್ಯಕ್ರಮಗಳಿಗಾಗಿ ನೀಡುವ ಸಾಲ ಯೋಜನೆಯಾಗಿದೆ.

ಈ ತಿಂಗಳಲ್ಲಿ ಜೀವಜ್ಯೋತಿ ಸಂಘ ತೋಟತ್ತಾಡಿ ಇಲ್ಲಿನ ಸದಸ್ಯರಿಗೆ ರೂ 1,75,000 ಕಿರು ಉದ್ದಿಮೆಗಾಗಿ ಸಾಲ ನೀಡಲಾಗಿದೆ.

**ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ:**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್. (ರಿ) ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ. ಸೋಂಕಿತ ಮತ್ತು ಭಾದಿತರಿಗೋಸ್ಕರ ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದ್ದು 120 ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ವ್ಯಕ್ತಿಗಳನ್ನು ಹಾಗೂ 40 ಸೋಂಕಿತ ಮಕ್ಕಳನ್ನು ಗುರುತಿಸಿ ಅವರಿಗೆ ಮಾನಸಿಕ ಸ್ಥೈರ್ಯ ನೀಡುವ ಕೆಲಸವನ್ನು ಮಾಡುತ್ತಿದೆ.

ದಿನಾಂಕ 15.06.19 ರಂದು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ವ್ಯಕ್ತಿಗಳ ಮಾಸಿಕ ಬೆಂಬಲ ಸಭೆಯನ್ನು ಸಾನ್ ತೋಮ್ ಟವರ್ ಬೆಳ್ತಂಗಡಿ ಇಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ನವಚೈತನ್ಯ ಸಂಘದ ಸದಸ್ಯೆ ಶ್ರೀಮತಿ ಲಲಿತ ಇವರು ಕಾರ್ಯಕ್ರಮದ ಅಧ್ಯಕ್ಷತೆಯನ್ನು ವಹಿಸಿದ್ದರು. ದೈವಾಧೀನರಾದ ಹೆಚ್.ಐ.ವಿ ಸೋಂಕಿತರನ್ನು ನೆನೆಸಿ ಕ್ಯಾಂಡಲ್ ಉರಿಸಿ ಚಿರಸ್ಮರಣೆ ಮಾಡಯಿತು. ಯೋಜನಾ ಸಂಯೋಜಕಿ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊರವರು ಉಪಸ್ಥಿತರಿದ್ದು ಅರ್ಥಿಗಳಿಗೆ ಎ.ಆರ್.ಟಿ. ಬದ್ದತೆ ಹಾಗೂ ಸಿಡಿ 4 ಪರೀಕ್ಷೆ ಮಾಡುವುದರ ಮೂಲಕ ತಮ್ಮ ಆರೋಗ್ಯವನ್ನು ಕಾಪಾಡುವ ಕುರಿತು ಮಾಹಿತಿಯನ್ನು ನೀಡಿದರು. ವೈದ್ಯಾಧಿಕಾರಿ ಡಾ। ಮುರಳೀಕೃಷ್ಣ ಇರ್ವತ್ರಾಯರವರು ವೈದ್ಯಕೀಯ ತಪಾಸಣೆಯನ್ನು ನಡೆಸಿದರು. ಅರ್ಥಿಗಳಿಗೆ ಪೌಷ್ಟಿಕಾಹಾರ ವಿತರಿಸಲಾಯಿತು. ಒಟ್ಟು 28 ಮಂದಿ ಭಾಗವಹಿಸಿದ್ದರು.

**Fr. Varkey Malikayil**
Director , DKRDS



# ഫാമിലി അപ്പസ്തോലേറ്റ്

**1 ഏകദിന കൺവെൻഷൻ:**

2019 ജൂൺ 15 -ാം തീയതി രാവിലെ 9.30 മുതൽ 2.30 വരെ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് ഏകദിന കൺവെൻഷൻ നടത്തപ്പെട്ടു. ബഹു. ഫാ. ജോസ് പൂവ്വത്തിങ്കൽ ക്ലാസ്സ് നയിച്ചു, ബഹു. ഫാ. ജോൺ മാളിയേക്കൽ വി. ബലിയർപ്പിച്ചു തുടർന്ന് ഫാ. തോമസ് പുതിയറ ആരാധനയ്ക്ക് നേതൃത്വം നൽകി.

**2. എസ്.എം.വൈ.എം ഫോറോന ഡയറക്ടറുംന്മാരുടെ സമ്മേളനം**

2019 ജൂൺ 18-ാം തീയതി ധർമ്മസ്ഥല ഇടവകയിൽ വച്ച് എസ്.എം. വൈ. എം ഫോറോന ഡയറക്ടറുംന്മാരുടെ സമ്മേളനം നടത്തപ്പെട്ടു.

**3. എസ്.എം.വൈ.എം സമ്മേളനം. ആറളം ഇടവക**

2019 ജൂൺ 23 -ാം തീയതി ആറളം ഇടവകയിൽ വച്ച് എസ്.എം. വൈ. എം സമ്മേളനം നടത്തപ്പെട്ടു. ഫാ. തോമസ് പുതിയറ പങ്കെടുത്തു.

**4. എസ്.എം.വൈ.എം രൂപതാ ജനറൽബോഡി :**

2019 ജൂലൈ 7- ാം തീയതി രാവിലെ 9 മണി മുതൽ വൈകുന്നേരം 3.30 വരെ സെന്റ്. തോമസ് കോളേജിൽ വച്ച് എസ്.എം. വൈ. എം ജനറൽ ബോഡി നടത്തപ്പെടുന്നു. എല്ലാ ഇടവകകളിൽ നിന്നുള്ള ആനിമേറ്റേഴ്സും ഭാരവാഹികളും നിർബന്ധമായും ഇതിൽ പങ്കെടുക്കണം. (ഒരാൾക്ക് ഫീസ് -50 രൂപ)

9 മണിക്ക് രജിസ്ട്രേഷൻ
9.30 വി.കുർബ്ബാന
ഇടവക വാർഷിക റിപ്പോർട്ട് (തന്നിരിക്കുന്ന ഫോം)
ഇടവക ഭാരവാഹികളുടെ പേര് വിവരങ്ങൾ
ജനറൽ ബോഡിക്ക് പങ്കെടുക്കുന്ന ഒരാൾക്ക് ഫീസ് -50 രൂപ

**5. ഇടവക, ഫൊറോനാ തല തിരഞ്ഞെടുപ്പ് :**

2017-19 വർഷം ഇടവകാതലത്തിൽ സുദീർഘമായ സേവനം ചെയ്ത എല്ലാ ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

2019-2021 വർഷത്തേക്കുള്ള ഇടവക, ഫൊറോനാ തല ഭാരവാഹികളെ തിരഞ്ഞെടുക്കാത്ത ഇടവകകൾ എത്രയും പെട്ടന്ന് തിരെഞ്ഞെടുക്കേണ്ടതാണ്.

# മാതൃവേദി - പിതൃവേദി

**1. മാതൃവേദി പിതൃവേദി ഫൊറോനാ സംഗമം :**

2019 ജൂൺ 24- ാം തീയതി ബെൽത്തംഗഡി ഇടവകയിൽ വച്ച് ബെൽത്തംഗഡി ഫൊറോന മാതൃവേദി, പിതൃവേദി ഫൊറോന ഭാരവാഹികളുടെ തെരെഞ്ഞെടുപ്പും നേതൃത്വ പരിശീലന ക്ലാസും നടത്തപ്പെട്ടു. ബഹു. ഫാ. തോമസ് പുതിയറ ക്ലാസെടുത്തു. ഇതിനു നേതൃത്വം നല്കിയ റവ. ഫാ. ദേവസ്യ വടക്കേവീട്ടിൽ അഭിനന്ദങ്ങൾ.

**2. രൂപതാ മാതൃവേദി ജനറൽബോഡി:**

2019 ജൂലൈ 15 - ാം തീയതി രാവിലെ 9.30 മുതൽ 3.30 വരെ ജ്ഞാനനിലയത്തിൽ വച്ച് മാതൃവേദി രൂപതാ ജനറൽ ബോഡി നടത്തപ്പെടുന്നു. എല്ലാ ഇടവകകളിൽ നിന്നുള്ള ആനിമേറ്റേഴ്സും ഭാരവാഹികളും നിർബന്ധമായും ഇതിൽ പങ്കെടുക്കണം.

ഇടവക വാർഷിക റിപ്പോർട്ട് (തന്നിരിക്കുന്ന ഫോം)
ഇടവക വാർഷിക റിപ്പോർട്ട് ബുക്ക്
ഇടവക ഭാരവാഹികളുടെ പേര് വിവരങ്ങൾ
ഇടവക വാർഷിക വരിസംഖ്യ 600 രൂപ
ഇടവക വാർഷിക റിപ്പോർട്ട് ബുക്ക് 50 രൂപ.
ജനറൽ ബോഡിക്ക് പങ്കെടുക്കുന്ന ഒരാൾക്ക് ഫീസ് -50 രൂപ

**3.രൂപതാ പിതൃവേദി ജനറൽ ബോഡി :**

2019 ജൂലൈ 27 - ാം തീയതി രാവിലെ 9.30 മുതൽ 3.30 വരെ ജ്ഞാനനിലയത്തിൽ വച്ച് പിതൃവേദി രൂപതാ ജനറൽ ബോഡി നടത്തപ്പെടുന്നു. എല്ലാ ഇടവകകളിൽ നിന്നുള്ള ആനിമേറ്റേഴ്സും ഭാരവാഹികളും നിർബന്ധമായും ഇതിൽ പങ്കെടുക്കേണ്ടതാണ്.

ഇടവക വാർഷിക റിപ്പോർട്ട് (തന്നിരിക്കുന്ന ഫോം)
ഇടവക ഭാരവാഹികളുടെ പേര് വിവരങ്ങൾ
ജനറൽബോഡിക്ക് പങ്കെടുക്കുന്ന ഒരാൾക്ക് ഫീസ് -50 രൂപ

**4 ഏകദിന കൺവെൻഷൻ :**

2019 ജൂലൈ 20-ാം തിയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 2.30 വരെ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് ഏകദിന കൺവെൻഷനും കൗൺസിലിംഗും നടത്തപ്പെടുന്നു.

**ഫാ.തോമസ് പുതിയറ**
ഡയറക്ടർ, ഫാമിലി അപ്പസ്തോലേറ്റ്.



# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽനിന്ന്

## ജൂൺ - 2019

2,3 ജ്ഞാനനിലയത്തിൽ വച്ച് നടന്ന KRST മീറ്റിംഗിൽ പങ്കെടുത്തു.

4 ജ്ഞാനനിലയത്തിൽ വച്ച് നടന്ന ജൂബിലി കമ്മിറ്റി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

7. രൂപത കേന്ദ്രത്തിലും ജ്ഞാനനിലയത്തിലുമുള്ള വൈദികരുമൊത്ത് മാസ ധ്യാനത്തിൽ പങ്കെടുത്തു.

8. ജ്ഞാനനിലയത്തിൽ വച്ച് നടത്തപ്പെട്ട കൈക്കാരൻമാരുടെ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയും, സമാപനത്തിൽ സന്ദേശം നൽക്കുകയും ചെയ്തു.

10. തലശ്ശേരിയിൽ വച്ച് നടന്ന, Inter Diocesan Presbyteral Council ൽ പങ്കെടുത്തു.

11 ജ്ഞാനനിലയത്തിൽ വച്ച് നടന്ന മിഷൻലിഗ് ഫൊറോന ഡയറക്ടേഴ്സിന്റെ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

11-12 ജ്ഞാനനിലയത്തിൽ വച്ച് നടന്ന Junior Priests' മീറ്റിംഗിൽ പങ്കെടുത്തു.

13 ഡൊറനഹള്ളി (മൈസൂർ രൂപതാ) പള്ളിയിൽ വി. അന്തോണിസിന്റ് തിരുനാളിൽ വിശുദ്ധ ബലി അർപ്പിച്ച് തിരുനാൾ സന്ദേശം നല്കി.

15-16 പുത്തൂർ മൈനർ സെമിനാരി സന്ദർശിക്കുകയും പുതിയ അദ്ധ്യായന വർഷത്തിന് ആരംഭം കുറിക്കുകയും ചെയ്തു.

16. വൈകുന്നേരം 4-30 ന് വേണുരിൽ St. Vincent De Paul Societyക്കാർ പാവപ്പെട്ട ഒരു കുടുംബത്തിൻ വേണ്ടി നിർമ്മിച്ച ഭവനം വെഞ്ചിരിച്ചു.

18. ജ്ഞാനനിലയത്തിൽ വച്ച് നടത്തപ്പെട്ട രൂപതയിലെ വിവിധ കമ്മീഷനുകളുടെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

19. Belgaum രൂപതയുടെ നിയുക്ത മെത്രാൻ Most Rev. Dereck Fernandes ന്റ എപ്പിസ്കോപ്പൽ ചടങ്ങിൽ സംബന്ധിച്ചു.

21. സെന്റ് തോമസ് കോളേജിൽ പുതിയ അധ്യായന വർഷത്തിന്റെ ആരംഭത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

22. രാവിലെ 10-30 ന് ജ്ഞാനനിലയത്തിൽ വച്ച് നടന്ന മിഷൻലീഗ്, തിരുബാലസഖ്യം സംഘടനകളുടെ ആനിമേറ്റർഴ്സ്, പ്രൊമോറ്റേഴ്സ് മീറ്റിംഗിലും, 11 മണിക്ക് സ്കൂൾ പ്രധാന അദ്ധ്യപകരുടെ യോഗത്തിലും, അദ്ധ്യക്ഷത വഹിച്ചു.

23. Safe Environment Committee മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

24. ആരാധന ക്രമഗിതത്തിനുള്ള കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

25-26. 33-ാ മത് രൂപത അജപാലന സമിതിയിൽ അദ്ധ്യക്ഷത വഹിച്ചു.

26. വൈകുന്നേരം സൗഹാർദ്ദ വേദികെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

28. രാവിലെ K.E.T. മീറ്റിംഗിൽ പങ്കെടുത്തു : ഉച്ച കഴിഞ്ഞ് ബെൾത്തംഗഡി St.Thomas College ൽ വച്ച് നടന്ന College Council മീറ്റിംഗിൽ പങ്കെടുത്തു.

29. ജ്ഞാനനിലയത്തിൽ വച്ച് നടന്ന School Teachers' Training പരിപാടിയിൽ പങ്കെടുത്തു.

30. ജ്ഞാനനിലയത്തിൽ വച്ച് നടന്ന St. Vincent De Paul Society മീറ്റിംഗിൽ പങ്കെടുത്തു.



# Bishop's Diary

## July-2019



| | |
|---|---|
| 1 | Kakkanad |
| 3 | Belthangady : Cathedral |
| 4-6 | Engaged |
| 7 | Belthangady : *Sauhardha Vedhike* |
| 8-13 | Belthangady : Priests' Annual Retreat |
| 15 | Belthangady : Jnananilaya : Mathruvedhi General Body |
| 16 | Gandibagilu |
| 17 | Ellukochi |
| 20 | Engaged |
| 21 | Shirady |
| 27 | Morning : Belthangady : Jnananilaya |
| 27-28 | Evening : Puttur : Minor Seminary |
| 29-30 | Kunnoth : Good Shepherd Seminary |

